KOTTAYAM PUBLIC LIBRARY

Call No. 200 Acc. No. 14228

Author വേരിദാസ്. പി. തോമസ്. (രച)

Title മരിയ. സൌന്ദര

817

അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി

No. 25.

14228.

# മരിയശാസ്ത്രം

(ഒന്നാം ഭാഗം)

## രണ്ടാമത്തെ ഹവ്വാ

അഥവാ

## ലോകം പ്രതീക്ഷിച്ചിരുന്ന മറിയം

ഗ്രന്ഥകൎത്താ

ഫാ. പി. തോമസ് മേരിദാസ്

പ്രസാധകൻ

റവ. ഫാദർ മാത്യു നടയ്ക്കൽ

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

വില 3 ണ.

S. J. Press, Mannanam. 1957

200
May-M

**Nihil obstat.**

Fr. Lucas C. D.

**Imprimi potest.**

Very Rev. Fr. George Mannara
Superior General of the Vincentians.

*Thottakam,*
*8th December 1956.*

**Imprimatur.**

† MATHEW KAVUKATT
Abp. of Changanacherry.

*Changanacherry*
*7—12—'56.*

# പ്രസാധകക്കുറിപ്പ്.

ഗവേഷണപരമായ ഒരു ഗ്രന്ഥമാണ് ഇപ്പോൾ അദ്ധ്യയനമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധം ചെയ്യുന്ന മരിയശാസ്ത്രം എന്ന കൃതി. സൗകര്യം പ്രമാണിച്ച് ആറു ചെറുഗ്രന്ഥങ്ങളായി അതു പ്രസിദ്ധം ചെയ്യുകയും ചെയ്യുന്നു. പരിശുദ്ധ മറിയത്തെ പുരസ്കരിച്ചുള്ള പ്രാമാണികങ്ങളായ അനേകം ഗ്രന്ഥങ്ങൾ പരിശോധിച്ച് സ്വകീയമാംവിധം ക്രമപ്പെടുത്തി അതിവിശിഷ്ടമായ ഒരു ഗ്രന്ഥം കേരളീയൎക്കു പ്രദാനം ചെയ്ത ഗ്രന്ഥകാരനെ എത്ര കണ്ട് അഭിനന്ദിച്ചാലും അതു് അധികമായിപ്പോകയില്ല.

ഏതൊരു രംഗത്തിലേയും പുരോഗതി ഗവേഷണപരമായ പരിശ്രമങ്ങളെ (Research works) ആശ്രയിച്ചാണു സ്ഥിതി ചെയ്യുന്നതു്. നമ്മുടെ മതസാഹിത്യരംഗത്തിൽ ഗവേഷണപരമായ ഗ്രന്ഥങ്ങൾ വളരെ വിരളമായിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ഈ കുറവിനെ പരിഹരിക്കുന്നതിനു നാം ഇപ്പോഴും കാര്യമായി പരിശ്രമിക്കുന്നില്ല. മറ്റു ഗ്രന്ഥകാരന്മാരുടെ ആശയങ്ങൾ സ്വീകരിച്ചു ദഹിപ്പിക്കാതെ, ദേശകാലാദികൾക്കും ജനാഭിരുചിക്കും അനുരൂപമാക്കാതെ, അവയെ ബഹിർപ്രകാശിപ്പിക്കുന്ന സമ്പ്രദായത്തിനു അല്പം വിലയിടിവു വരുന്നതു നല്ലതാണു്. സാഹിത്യരംഗത്തിലേക്കു പ്രവേശിക്കണമെന്നു് ആഗ്രഹിക്കുന്ന ഒരുവന്റെ ഇന്നത്തെ ഏററം വലിയ അഭിനിവേശം ഒരു പുസ്തകം ഭാഷാന്തരം ചെയ്യുക എന്നതായിരിക്കുന്നുവെന്നുതോന്നിപ്പോകുന്നു. ഒരു പ്രസംഗം ചെയ്യുന്നതിനു ഒരുവൻ നിർബന്ധിക്കപ്പെട്ടപ്പോൾ

ഏതെങ്കിലും ഗ്രന്ഥത്തിൽനിന്നു കുറെ ആശയങ്ങൾ ശേഖരിക്കുക എന്നതായിരിക്കും അയാൾ ഒന്നാമതായി സ്വീകരിക്കുന്ന നടപടി. തർജ്ജിമ ചെയ്യുന്നതും പ്രസംഗത്തിനു് ഇതര ഗ്രന്ഥങ്ങളിൽ നിന്നു് ആശയങ്ങൾ സ്വീകരിക്കുന്നതും ഉചിതമല്ലെന്നു് ഇവിടെ വിവക്ഷിക്കുന്നില്ല. നേരെമറിച്ചു് അഭിലക്ഷണീയവും അവശ്യവുമാകുന്നു. എന്നാൽ വിവിധങ്ങളായ പ്രശ്നങ്ങളെ ദേശകാലമനുസരിച്ചു കൈകാര്യം ചെയ്യുന്നതിനും നാം പരിശ്രമിക്കണം. ഇപ്രകാരം ചെയ്യുന്നതിനു നിരീക്ഷണ പരീക്ഷണങ്ങൾ അത്യന്താപേക്ഷിതമാകുന്നു. അതെ, ഗവേഷണപരമായ പഠനം ഇന്നു കൂടുതലായി പ്രോത്സാഹിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു.

ഗ്രന്ഥകർത്താവിനു കൃതജ്ഞത.

ഫാ. മാത്യു നടയ്ക്കൽ.

കത്തീഡ്രൽ.
ചങ്ങനാശേരി.
7-12-'56.

# അവതാരിക

മരിയശാസ്ത്രം— ഇതു് ദൈവശാസ്ത്രത്തിൻെറ ഒരു ഉപവിഭാഗമാണു്. ദൈവശാസ്ത്രചരിത്രത്തിൻെറ പഴയ ഏടുകൾ മറിച്ചുനോക്കുന്നുവെങ്കിൽ കാണാം ആരംഭത്തിൽ കടുകുമണിക്കു തുല്യം വളരെ പരിമിതമായ ഒരു ഭാഗം മാത്രമാണു് ഇതിൽ മരിയശാസ്ത്രം വഹിച്ചിരുന്നതെന്നു്. എന്നാൽ ഇന്നിതൊരു വൻവൃക്ഷമായി ശാഖോപശാഖകളോടുകൂടി പരിലസിക്കുന്നു എന്നുള്ളതു് മരിയഭക്തർക്കു പൊതുവെ ചാരിതാർത്ഥ്യജനകമാണു്. ഇന്നാൾവരെ മരിയശാസ്ത്രത്തിനു കൈവന്നിട്ടുള്ള പുരോഗതിയെ ആകെ വീക്ഷിക്കുന്നുവെങ്കിൽ നാലു ഘട്ടങ്ങളായി ഇതിനെ വിഭജിക്കാവുന്നതാണെന്നു് നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയും.

## i. അപ്പസ്തോലിക കാലംമുതൽ എഫേസൂസ് സൂനഹദോസ്‌വരെ

മരിയശാസ്ത്രത്തിലെ മൗലിക തത്വങ്ങൾ ആദ്യശതകങ്ങളിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. മറിയത്തിൻെറ സകല അവദാനങ്ങളുടെ നിദാനവും, മരിയശാസ്ത്രത്തിൻെറ തന്നെയും അടിസ്ഥാന തത്വമെന്നോണം ചൂണ്ടിക്കാണിക്കാവുന്നതാണു് അവളുടെ ദൈവമാതൃത്വം. ആദ്യ നൂററാണ്ടിൽതന്നെ പിതാക്കന്മാർ അവളുടെ ദൈവമാതൃത്വത്തെ സ്ഥാപിക്കുന്നുണ്ടു്. റോമിലെ വി. ഹിപ്പോലിററസ് "തെയോട്ടോക്കോസ്" എന്ന സ്പഷ്ടമായ സംജ്ഞയാൽ അവളെ അഭി

സംബോധന ചെയ്യുന്നു. അദ്ദേഹത്തെ തുടൎന്നു പല പിതാക്കന്മാരും.

രക്ഷകനായ മിശിഹായോടുകൂടി അടുത്തു സഹകരിച്ചു് മനുഷ്യരക്ഷ സാധിച്ചതനവളാണു് മറിയം. ആരംഭദശയിൽത്തന്നെ ഈ വസ്തുത പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ടു്— ഹവ്വാ ആദാമിനോടുകൂടി സഹകരിച്ചു് മനുഷ്യകുലനാശത്തിനു് സഹകാരിണിയായതുപോലെതന്നെ. വി. ജസ്റ്റിനാണു് ആദ്യമായി ഈ സത്യം എടുത്തുകാണിക്കുന്നതു്. തുടൎന്നു് വി. ഇരണയോസ് തുടങ്ങിയ പല പിതാക്കന്മാരും ഈ സത്യം തന്നെ ആവൎത്തിക്കുന്നുണ്ടു്.

സഹരക്ഷക എന്ന ഈ സത്യത്തിന്റെ നിഗമനമെന്നോണം മറിയം മനുഷ്യകുലത്തിന്റെ മാതാവാണെന്നും അതേ പിതാക്കന്മാർതന്നെ എടുത്തുകാണിക്കുന്നു.

അവൾ നിത്യകന്യകയാണു്. രണ്ടാം നൂററാണ്ടിൽത്തന്നെ ഈ സത്യവും സഭാ പിതാക്കന്മാരുടെ തൂലികാഗ്രങ്ങളിൽ പൊന്തിവരുന്നുണ്ടു്. വി. ഇഗ്നേഷ്യസ്, വി. ജസ്റ്റിൻ മുതലായവർ ഇവരിൽ ചിലർ മാത്രമാണു്.

മറിയത്തിന്റെ പാപരാഹിത്യവും ഇക്കാലസന്ധിയിൽത്തന്നെ പിതാക്കന്മാരുടെ ചിന്താവിഷയമാകുന്നുണ്ടു്. വി. ഹിപ്പോലിററാസ് ആയിരിക്കണം ഇതാദ്യമായി സമൎത്ഥിച്ചിട്ടുള്ളതു്. പക്ഷെ അമലോത്ഭവത്തിന്റെ സ്പഷ്ടമായ സൂചന ഇവിടെക്കാണുന്നില്ല.

എന്നാൽ നിക്യാസൂനഹദോസിനെ തുടൎന്നു കൂടുതൽ പ്രസ്പഷ്ടമായ ഭാഷയിൽ ഈ സത്യങ്ങൾ ഓരോന്നും പിതാക്കന്മാർ ആവൎത്തിച്ചുപഠിപ്പിക്കുന്നുണ്ടു്. ഇവരിൽ പ്രമുഖനാണു് വി. അപ്രേം. അവളുടെ കന്യാത്വം ദൈവമാതൃത്വം എന്നിവ വി. അപ്രേമിന്റെ കൃതികളിൽ മാത്രമല്ല, വി. എപ്പിഫാനിയൂസ്, വി. യോഹന്നാൻ ക്രിസോസ്തോമോസ്, വി. ഇറാനിമോ

സ്, വി. അംബ്രോസിസ്, വി. അഗസ്റ്റീനോസ് മുതലായ സഭാപിതാക്കന്മാരുടെ പഠനങ്ങളിലും തെളിഞ്ഞുകാണുന്നുണ്ട്.

## ii. എഫേസൂസ് സൂനഹദോസുമുതൽ പ്രോട്ടസ്റ്റൻറുകാരുടെ ആവിർഭാവംവരെ

എഫേസൂസ് സൂനഹദോസിൽ ഔദ്യോഗികമായി അദ്ധ്യവസാനം ചെയ്യപ്പെട്ട മറിയത്തിൻെറ ദൈവമാതൃത്വം. സൂനഹദോസിനെ തുടൎന്നു ഗണ്യമായ പുരോഗമനം സിദ്ധിച്ചിട്ടുണ്ട് മറിയശാസ്ത്രത്തിനു്—പ്രത്യേകമായി പൗരസ്ത്യസഭകളിൽ.

തെയോട്ടോക്കോസ് (ദൈവജനനി) എന്ന പദം സങ്കോചമെന്യേ മറിയത്തെക്കുറിച്ച് ഉപയോഗിച്ചു തുടങ്ങി എന്നു മാത്രമല്ല സത്യവിശ്വാസത്തിൻെറ ഒരു അടയാളമായിട്ടുപോലും സഭാപിതാക്കന്മാർ ഈ സത്യത്തെ പരിഗണിച്ചുതുടങ്ങി. വി. പ്രോക്ലൂസിൻെറ പ്രസ്താവം പ്രകൃതത്തിൽ ശ്രദ്ധേയമാണ്. "ദൈവജനനിയെപ്പോലെ ആരുമില്ല ഈ ലോകത്തിൽ. നിൻെറ ബുദ്ധിമുഴുവനും പരിശോധിച്ചുകൊള്ളുക, പരിശുദ്ധ കന്യകമറിയത്തിനു തുല്യയോ, അവളേക്കാൾ ഉന്നതയോ ആയ എന്തെങ്കിലും അവിടെ നീ കാണുന്നുണ്ടോ. ലോകം മുഴുവൻ ചുററിസ്സഞ്ചരിച്ചുകൊള്ളുക; വിശാലമായ ആഴിയുടെ അടിത്തട്ടിലേക്കും ഇറങ്ങിക്കൊള്ളുക; വായുമണ്ഡലത്തെ പരിശോധിക്കുക; ആകാശവും നിരീക്ഷണം ചെയ്യുക; അദൃശ്യവസ്തുക്കളേയും ബോധത്തിൽ രൂപീകരിക്കുക. മറിയത്തെപ്പോലെ വേറെ ഒരത്ഭുതം ഈ സൃഷ്ടലോകത്തിൽ ഉണ്ടോ? എന്നു പറയുക" അലക്സാണ്ഡ്റിയായിലെ വി. ക്രില്ലോസും ഇതേ ഭാഷയിൽ പ്രസ്താവിക്കുന്നുണ്ട്.

വി. അപ്രേം, വി. എപ്പിഫാനിയൂസ് മുതലായവരെ തുടൎന്നു പൗരസ്ത്യസഭാപിതാക്കന്മാർ എല്ലാവരും

തന്നെ ഈ കാലഘട്ടത്തിൽ മറിയത്തിൻെറ നിത്യകന്യാത്വത്തെ– മിശിഹായുടെ ജനനത്തിനു മുമ്പു മാത്രമല്ല ജനനത്തിലും അതിനുശേഷവും– ഉദ്ഘോഷിക്കുന്നുണ്ട്.

മറിയത്തിൻെറ പരമ പരിശുദ്ധി ഈ കാലസന്ധിയിൽ പിതാക്കന്മാരുടെ പ്രത്യേക ചർച്ചാവിഷയമായിരുന്നു. "വിശുദ്ധിയുടെ മാതാവെ"ന്ന് വി. ക്രൂറില്ലോസും, "വിശുദ്ധിയുടെ അലങ്കം", "വിശുദ്ധരിൽ വിശുദ്ധ" എന്നിങ്ങനെ വി. ജമ്മാനൂസും "ശരീരത്തിലും ആത്മാവിലും വിശുദ്ധി പ്രാപിച്ചിട്ടുള്ള ഏകവ്യക്തി" എന്നു അത്ഭുതപ്രവത്തകനായ വി. ഗ്രിഗോരിയോസും സമത്ഥിച്ചുകാണുന്നു. പരിപൂണ്ണമായ അവളുടെ പാപരാഹിത്യത്തെപ്പററി അവർ പ്രതിപാദിക്കുന്നതിൽനിന്നും അവളുടെ അമലോത്ഭവത്തെ സൂചിപ്പിക്കുന്നുണ്ട് എന്നു പറയാം.

രക്ഷണീയവേലയിൽ മറിയത്തിനുള്ള പങ്ക് കൂടുതൽ പ്രസ്പഷ്ടമായി ഇക്കാലയളവിനുള്ളിൽ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. അവൾ സാവ്വത്രിക മദ്ധ്യസ്ഥയാണ്, മനുഷ്യരക്ഷ സാധിച്ചതിൽ മിശിഹായിക്കെന്നപോലെ അവൾക്കുമുണ്ട് ഒരു പങ്ക്, വരപ്രസാദത്തെ മനുഷ്യാത്മാക്കളിൽ യഥേഷ്ടം വിതരണം ചെയ്യുന്നതു് അവളാണ്, മറിയം രണ്ടാമത്തെ ഹവ്വായാണ് എന്നിങ്ങനെയാണ് പിതാക്കന്മാർ പഠിപ്പിക്കുന്നതു്. ഇങ്ങനെ മറിയം മനുഷ്യകുലത്തിൻെറ ആദ്ധ്യാത്മിക മാതാവാണ്. എന്തുകൊണ്ടെന്നാൽ അവൾ ജീവൻെറ ഉറവയാണെന്ന് അനിഷേദ്ധ്യമായ ഭാഷയിൽ പഠിപ്പിക്കുന്നുണ്ട് വി. ജമ്മാനൂസ്, വി. ഡമഷേൻ മുതലായവർ.

മറിയത്തിൻെറ രാജ്ഞീപദത്തെക്കുറിച്ചും പിതാക്കന്മാർ എഴുതിയിട്ടുണ്ട്. വി. അന്ത്രയോസ്, വി. ജമ്മാനൂസ്, വി. ഡമഷേൻ മുതലായവരാണ് ഇവരിൽ പ്രമുഖർ വി. ഡമഷേൻെറ കാലത്തോടുകൂടി പൗരസ്ത്യ

സഭയിൽ മരിയശാസ്ത്രം അതിൻെറ വളർച്ചയുടെ പൂർത്തിപ്രാപിച്ചു എന്നു പറയാം.

പാശ്ചാത്യസഭയിലാകട്ടെ മറിയത്തിൻെറ അപദാനങ്ങളെ പ്രകീർത്തിക്കുന്നവരധികം ഇക്കാലത്ത് ഉണ്ടായിട്ടില്ല. എഫേസൂസ് സൂനഹദോസിനു ശേഷം വി. അൻസ്ലമാണ് (12-ാം നൂററാണ്ടിൽ മാത്രം) മരിയശാസ്ത്രത്തെപ്പററി ഏററമധികമായി എഴുതിയിട്ടുള്ളത്. ഇദ്ദേഹമാകട്ടെ മറിയത്തെക്കുറിച്ച് ഇതിനു മുമ്പു പിതാക്കന്മാർ എഴുതിയിട്ടുള്ളവയെല്ലാം ക്രോഡീകരിച്ച് പൂർത്തിയാക്കുവാൻ ശ്രമിച്ചു. വി. ബർണ്ണാർദും, ഇദ്ദേഹത്തിൻെറ ജോലിയെ തുടർന്നു വി. ആൽബർട്ട്, തോമസ് അക്വയിനസ്, ബൊനവെന്തുരാ മുതലായവരും.

## iii. പ്രോട്ടസ്റ്റൻറു കാലംമുതൽ മാതാവിൻെറ അമലോത്ഭവ പ്രഖ്യാപനംവരെ.

മരിയശാസ്ത്രമെന്നപോലെതന്നെ മരിയവണക്കവും പുരോഗമിച്ച ഒരു കാലസന്ധിയാണിത്. ഇതിനു കളമൊരുക്കിയതു ലൂഥർ പ്രഭൃതികളാണ്. ദൈവശാസ്ത്രത്തിൻെറ ഏകാധാരം വേദപുസ്തകം മാത്രം എന്നു വിധിച്ചുകൊണ്ട് മരിയശാസ്ത്രത്തെ ഇവർ വിഗണിച്ചു. മരിയവണക്കത്തെ അപലപിച്ചു. മറിയത്തിൻെറ സാർവ്വത്രിക മാദ്ധ്യസ്ഥം മുതലായ മരിയശാസ്ത്രത്തിലെ മിക്ക സത്യങ്ങളും ഇവർ നിഷേധിച്ചു. കാൽവിൻ, സ്വിംഗ്ലി മുതലായ പ്രോട്ടസ്റ്റൻറു വിപ്ലവകാരികൾ ഈ ആശയത്തെ അനുകൂലിക്കുകയും ചെയ്തു. പതിനേഴാം നൂററാണ്ടിൽ ആവിർഭവിച്ച ജാൻസനിസ്ററ് പതിതരും പ്രോട്ടസ്റ്റൻറു സിദ്ധാന്തങ്ങൾതന്നെ ആവർത്തിച്ചു, മരിയവണക്കത്തെ അപലപിച്ചുകൊണ്ട്.

ഇവരുടെയെല്ലാം വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട്, വി. പീററർ കനീസിയസ്, റോബർട്ട് ബല്ലർമിൻ, അല്ഫോൻസ് ലിഗോരി മുതലായവരും ഒട്ടന

വധി വേദശാസ്ത്രികളും തങ്ങളുടെ തൂലിക എടുത്തു. ജനതാമദ്ധ്യേ തെററിദ്ധാരണകൾ നീക്കുവാൻ മാത്രമല്ല, മരിയശാസ്ത്രം കൂടുതൽ പ്രചരിക്കുന്നതിനും, മരിയവണക്കം കൂടുതൽ താത്വികമായി സ്ഥാപിക്കുന്നതിനും ഇവരുടെ ലേഖനങ്ങളും, പ്രസംഗങ്ങളും ഉപകരിച്ചു.

## iv. അമലോത്ഭവ പ്രഖ്യാപനംമുതൽ

മരിയൻ യുഗമെന്നറിയപ്പെടുന്ന കാലസന്ധിയാണിതു്. ഒരു കാലത്തു് ചിലരുടെ ഇടയിൽ വിവാദവിഷയമായിരുന്ന ഈ സത്യം സംശയലേശമെന്യേ വിശ്വാസവിഷയമായി സ്ഥിരീകരിക്കപ്പെട്ടു. 1854-ൽ 9-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് വിശ്വാസസത്യമായി അദ്ധ്യവസാനം ചെയ്തു അമലോത്ഭവസത്യം. "സർവ്വശക്തനായ ദൈവത്തിൻെറ അനുഗ്രഹത്താലും മനോഗുണത്താലും, മനുഷ്യകുലപരിത്രാണകനായ ഈശോമിശിഹായുടെ യോഗ്യതകൾ വഴിയായി ഉത്ഭവത്തിൻെറ ആദ്യക്ഷണത്തിൽതന്നെ ഉത്ഭവപാപത്തിൻെറ സർവ്വ മാലിന്യത്തിൽനിന്നും പരിശുദ്ധ കന്യകമറിയം സംരക്ഷിക്കപ്പെട്ടു". എന്നിങ്ങനെയാണ് ഒമ്പതാം പീയൂസ് മാർപ്പാപ്പായുടെ പ്രഖ്യാപനം ഈ വിഷയത്തിൽ.

ഇതോടെ മരിയശാസ്ത്രത്തിനു് ഒരു പുതിയ ഉണർവ്വുതന്നെ സിദ്ധിച്ചു കത്തോലിക്കാ ലോകത്തിൽ. ദൈവശാസ്ത്രത്തിൻെറ ഒരു പ്രത്യേക വിഭാഗമായി മരിയശാസ്ത്രം ഉണരുകയും ചെയ്തു. ഈ നവീന ചൈതന്യത്തിനു് മുക്കാൻ പിടിച്ചിരുന്നതു് പരിശുദ്ധ മാർപ്പാപ്പാമാർതന്നെയാണ്.

9-ാം പീയൂസ് മാർപ്പാപ്പാ "Ineffabilis Deus" എന്നാരംഭിക്കുന്ന ചാക്രിക ലേഖനത്തിൽ മരിയശാസ്ത്രത്തിൻെറ അടിസ്ഥാനതത്വങ്ങൾ എല്ലാം വിശദീകരിച്ചിട്ടുണ്ട്.

13-ാം ലെയോ മാർപ്പാപ്പായാകട്ടെ പത്തു ചാക്രിക ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്: ഇവയെല്ലാം സമാഹരിക്കുന്നതായാൽ മറിയത്തെ സംബന്ധിച്ച പരിപൂർണ്ണമായ ശാസ്ത്രം സിദ്ധിക്കുന്നതാണ്.

വി. പത്താം പീയൂസ് മാർപ്പാപ്പാ മറിയത്തിൻെറ സാർവ്വത്രിക മാദ്ധ്യസ്ഥത്തെ സമഷ്ടിയായി പരാമർശിച്ചുകൊണ്ട് "Ad diem illum" എന്ന ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തി.

15-ാം ബനഡിക്തോസ് മാർപ്പാപ്പായും മറിയത്തിൻെറ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ചാക്രിക ലേഖനങ്ങൾ എഴുതി. സകല വരപ്രസാദത്തിൻെറയും മദ്ധ്യസ്ഥ എന്ന പേരിൽ മറിയത്തിൻെറ സ്തുതിക്കായി തിരുനാൾ ഏർപ്പെടുത്തിയതും ഈ മാർപ്പാപ്പാതന്നെയാണ്.

11-ാം പീയൂസ് മാർപ്പാപ്പാ രണ്ടു ചാക്രികലേഖനങ്ങൾ വഴിയായി മരിയ സ്തുതികളെ പ്രകീർത്തിച്ചു. ഭാഗ്യമോടെ വാഴുന്ന 12-ാം പീയൂസ് മാർപ്പാപ്പായും തൻെറ പുരോഗാമികൾക്ക് ഒട്ടും പുറകിലല്ല ഈ വിഷയത്തിൽ.

തൻെറ ചാക്രികലേഖനങ്ങളിൽ പലതിലുമുണ്ട് മറിയത്തെപ്പററി ഏതാനും ഖണ്ഡികകൾ. മറിയത്തെ സംബന്ധിച്ച് പ്രത്യേക ചാക്രികലേഖനങ്ങളും അവിടുന്നെഴുതിയിട്ടുണ്ട്.

പരിശുദ്ധ മാർപ്പാപ്പാമാരോടൊപ്പംതന്നെ മാർപ്പാപ്പാമാർ നല്കിയ ഉത്തേജനത്തിനനുസൃതമായി മരിയശാസ്ത്രം പുരോഗമിക്കുന്നതിന് വേദശാസ്ത്രികൾ നല്കിയ നേതൃത്വവും ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്. മരിയൻ സമ്മേളനങ്ങൾ (Congresses) പ്രസംഗമഹായോഗങ്ങൾ, പഠനക്കളരികൾ, വാദപ്രതിവാദങ്ങൾ മുതലായവ വഴിയായി മരിയശാസ്ത്രത്തിൽ

ഒളിഞ്ഞുകിടന്നിരുന്ന അനവധി സത്യങ്ങൾ പ്രകാശം കണ്ടു.

മരിയശാസ്ത്രത്തെ സംബന്ധിക്കുന്ന പുതിയ ഗവേഷണങ്ങൾ പലതും പ്രസിദ്ധം ചെയ്തു. മരിയശാസ്ത്രത്തെ സമഷ്ടിയായി പ്രതിപാദിക്കുന്ന പുതിയ ഗ്രന്ഥാവലികൾ പലതും പുറത്തുവന്നു. Roschini Scheeben, Jugie, Terrien, Bitremieux, മുതലായവർ മരിയശാസ്ത്രത്തിന്റെ പ്രതിപാദകരിൽ ചിലർ മാത്രമാണ്.

ഈ ശാസ്ത്രഗവേഷണത്തിന്റെ എല്ലാം ഫലമായി 20-ാംനൂറ്റാണ്ടിൽ സ്വർഗ്ഗാരോപണസത്യം അമലോത്ഭവത്തിൽ അന്തർലീനമായ ഒരു സത്യമെന്നോണം വീക്ഷിക്കുവാൻ വേദാന്തികൾക്കു സാധിച്ചു.

"ആരെങ്കിലും നിത്യം പാപവിഹീനനായിരിക്കുന്നുവെങ്കിൽ അയാൾക്കു ആത്മശരീരങ്ങളുടെ മഹത്വപൂർണ്ണമായ അമർത്യതയ്ക്കും അർഹതയുണ്ട്. എന്നാൽ നമ്മുടെ അമ്മ അപ്രകാരം പാപവിഹീനയായിരുന്നു. അതിനാൽ ഭൗമിക ജീവിതാന്ത്യത്തിനുശേഷം ഉടനെ ലഭിക്കേണ്ട ആത്മശരീരങ്ങളുടെ അമർത്യതയ്ക്കും അവൾക്കവകാശമുണ്ട്" എന്നിങ്ങനെയുള്ള നിഗമനത്തിലാണ് പല വേദാന്തികളും എത്തിച്ചേർന്നതു്.

1950-ൽ 12-ാം പീയൂസ് മാർപ്പാപ്പാ സ്വർഗ്ഗാരോപണസത്യം ഒരു വിശ്വാസസത്യമായി അദ്ധ്യവസാനം ചെയ്തു.

കേരളീയർ പരമ്പരയാ മരിയഭക്തരാണ്. ഇതിൽ മററാരുടെയും പിന്നിലല്ല അവർ. എന്നാൽ മരിയശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം വിദേശങ്ങളിൽ നാം ദർശിച്ച ആ പുരോഗമനം ഇവിടെ നാം കാണുന്നില്ല. മറിയത്തെപ്പററി ശാസ്ത്രീയമായും വ്യാപകമായും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ മലയാളസാഹിത്യത്തിൽ കാര്യമായി ഒന്നുംതന്നെയില്ല. ഇതിനു

കാരണം മരിയശാസ്ത്രം പഠിച്ചിട്ടുള്ളവരും മരിയശാസ്ത്രഗവേഷകരും നമ്മുടെ ഇടയിൽ കുറവായതുതന്നെ.

ഫാദർ തോമസ് മേരിദാസ് ഒരു യുവ വൈദികനാണ്, മരിയഭക്തനാണ്, മരിയശാസ്ത്രഗവേഷകനാണ്. ഇതിനകം മരിയശാസ്ത്രത്തെ സംബന്ധിക്കുന്ന സാമാന്യം വലിപ്പമുള്ള രണ്ടു പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധം ചെയ്തിട്ടുണ്ട്. 1) "The Marian Study Circles" Alwaye, 1954, 2) മരിയൻ പ്രേഷിതജീവൻ. എന്നാൽ മറിയത്തിന്റെ അപദാനങ്ങളെ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് "മരിയശാസ്ത്രം." ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി ക്രിസ്തീയ മലയാളസാഹിത്യത്തിലുള്ള ഒരു പോരായ്മയും ഗ്രന്ഥകാരൻ തീർത്തിട്ടുണ്ട് എന്നു നിസ്സംശയം പറയാം. ഇങ്ങനെയുള്ള നിരവധി മരിയൻ ഗ്രന്ഥാവലികൾകൊണ്ടു കൈരളിയെ മരിയഭക്തനായ ഈ യുവ ഗ്രന്ഥകാരൻ ഇനിയും നിറക്കുവാൻ ദൈവം ഇടയാക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു "മരിയശാസ്ത്രം" കൈരളീയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

Fr. Lucas T. O. C. D.

S. H. Scholasticate.
Chethipuzha.
8—12—1956.

# പ്രസ്താവന

മരിയൻയുഗമെന്ന അപരാഭിധാനത്തിൽ അറിയപ്പെടുന്ന നമ്മുടെ നൂററാണ്ടിൽ 'മറിയംവഴി ഈശോയിലേക്കു' എന്ന തത്വം കൂടുതൽകൂടുതൽ അന്വൎത്ഥമായിക്കൊണ്ടിരിക്കയാണു്. ദൈവജനനി ധാരാളമായി നല്കുന്ന ദർശനങ്ങളും അവിടുത്തോടുള്ള ഭക്തിയിൽ ലോകമാസകലം ദൃശ്യമാകുന്ന ഉണൎവ്വും ഉത്സാഹവുമെല്ലാം ഈ വസ്തുതയെയല്ലേ പ്രസ്പഷ്ടമാക്കുന്നതു്. മരിയൻ സംഘടനകളും മരിയൻ തീൎത്ഥകേന്ദ്രങ്ങളും മരിയൻ ദൈവാലയങ്ങളും മരിയൻ ഗ്രന്ഥങ്ങളുമെല്ലാം അനുദിനമെന്നോണം വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. മറിയത്തിന്റെ ബഹുമാനാൎത്ഥം എന്തെങ്കിലും തന്റെ ഭരണകാലത്തു നിൎവ്വഹിക്കുവാൻ ഓരോ മാർപ്പാപ്പായും മത്സരബുദ്ധ്യാ വെമ്പൽകൊള്ളുകയാണു്. ദൈവജനനിയുടെ അമലോത്ഭവം, സ്വർഗ്ഗാരോപണം മുതലായ തത്വങ്ങൾ വിശ്വാസസംഹിതയിൽ ചേൎക്കപ്പെട്ടു കാണുവാനുള്ള ഭാഗ്യം നമ്മുടെ യുഗത്തിനാണു് കൈവന്നതു്.

മരിയഭക്തനല്ലാത്ത ഒരു വേദശാസ്ത്രജ്ഞനെയോ വിശുദ്ധനെയോ എടുത്തുകാണിക്കുക സാദ്ധ്യമല്ല. മറിയത്തെപ്പററി പഠിക്കുന്നതിനും മരിയൻ മഹത്വം പ്രകീർത്തിക്കുന്നതിനും പണ്ഡിതന്മാർ ഉത്സുകരായി കാണപ്പെടുന്നു. വിശ്വസാഹിത്യത്തിൽ മരിയശാസ്ത്രത്തിനു കിടയററ ഒരു സ്ഥാനം സിദ്ധിച്ചുകഴിഞ്ഞിരിക്കയാണു് ഇന്നു്. ഏതാനും വർഷങ്ങൾക്കു മുമ്പു് ദൈവശാസ്ത്ര ഗ്രന്ഥങ്ങളുടെ ഒരു കോണിൽ അനുബന്ധമായോ മററോ ചേൎക്കപ്പെട്ടുപോന്ന മരിയശാസ്ത്രത്തെപ്പററി ഇന്നു

വാല്യങ്ങൾതന്നെ എഴുതിക്കൂട്ടുകയാണു് മരിയശാസ്ത്രജ്ഞന്മാർ. ഇക്കഴിഞ്ഞ 1950-ൽ റോമിൽവച്ചുകൂടിയ "സാർവ്വദേശീയ മരിയശാസ്ത്രകോൺഗ്രസ്സി"ൽ (International Mariological Congress) നാനാരാജ്യക്കാരായ അനേകം മരിയശാസ്ത്രപണ്ഡിതന്മാർ സമ്മേളിക്കയുണ്ടായി. അവർ അവിടെവച്ചു ചർച്ചചെയ്ത കാര്യങ്ങൾ പന്ത്രണ്ടു ബൃഹത്തായ വാല്യങ്ങളിൽ പ്രസിദ്ധീകൃതമായിട്ടുണ്ടെന്ന വസ്തുത ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണു്. ഇങ്ങനെ ദൈവജനനിയെപ്പററി പഠിക്കുന്നതിനും അവിടുത്തെ മഹത്വം പ്രകീർത്തിക്കുന്നതിനും ക്രിസ്തീയ ലോകത്തിൽ ദൃശ്യമാകുന്ന ഉത്സാഹം നമ്മുടെ യുഗത്തിൻെറ ഒരു വിശേഷതയത്രേ.

അറിയാത്ത ഒരു വസ്തുവിനെ നാം സ്നേഹിക്കയില്ല. എത്രയധികം നാം ഒരു വ്യക്തിയുടെ സൽഗുണങ്ങളെപ്പററി ഗ്രഹിക്കുന്നുവോ അത്രയധികം അയാളെപ്പററിയുള്ള മതിപ്പും സ്നേഹവും നമ്മിൽ വർദ്ധിച്ചുവരും. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിൻെറ നേർക്കു് മാതൃനിർവ്വിശേഷമായ ഭക്തി നമ്മിൽ ഉൽഭൂതമാകുന്നതിനു മരിയശാസ്ത്രപഠനം നമുക്കു സഹായകമായിരിക്കും. സുപ്രസിദ്ധ ആദ്ധ്യാത്മിക ചിന്തകനായ ഫാദർ ഫേബർ പ്രസ്താവിക്കുന്നതിങ്ങനെയാണു്: "യഥാർത്ഥമായ ദൈവശാസ്ത്രം മറിയത്തിനു നല്കുന്ന സ്ഥാനം വളരെ കുറച്ചുമാത്രമേ അറിയപ്പെട്ടിട്ടുള്ളു. തന്മൂലം ദൈവമാതാവിനോടുള്ള വണക്കം കുറഞ്ഞുപോകുന്നുണ്ടു്; ഇക്കാരണത്താലാണു് ഈശോ വേണ്ടത്ര സ്നേഹിക്കപ്പെടാത്തതു്...... ആയിരക്കണക്കിനു ആത്മാക്കൾ ഇന്നു നശിക്കുന്നതിനു കാരണം മറിയത്തെ ആരും അവർക്കു കാണിച്ചുകൊടുക്കുന്നില്ല എന്നതത്രേ. പ. കന്യകയോടുള്ള ഭക്തി എന്നറിയപ്പെടുന്ന നിർഭാഗ്യകരവും, അയോഗ്യവും ശൂന്യപ്രായവുമായ ഒരു തരം നിഴൽഭക്തിയാണു് ഈ വീഴ്ചകൾക്കും കുറവുകൾക്കും

കാരണം." അതേ, മറിയത്തെപ്പററി പഠിക്കുന്നതിനും മറിയത്തെപ്പററി പ്രസംഗിക്കുന്നതിനും ഇന്നു ധാരാളം മരിയഭക്തർ മുമ്പോട്ടു വരണം. ആധുനികലോകത്തിന്റെ സമുദ്ധാരണത്തിൽ മറിയത്തിനു ഒരു വലിയ പങ്കു വഹിക്കുവാനുണ്ട്.

ഒരു മനഃശാസ്ത്രപണ്ഡിതൻ ഒരിക്കൽ പറയുകയുണ്ടായി, ഇന്നു ജനങ്ങളല്ല പ്രത്യുത, അവരുടെ കണ്ണടകളാണു വ്യതിയാനത്തിനു അധീനമാകേണ്ടതെന്ന്. (Today it is not the people that need be changed but their looking glasses) അതേ, ജനങ്ങളുടെ വീക്ഷണഗതിയാണ്, അവരെ ഭരിക്കുന്ന ആശയങ്ങളും ആദർശങ്ങളുമാണ് നവീകരിക്കപ്പെടേണ്ടത്. തിന്മയെ നന്മയാക്കി ചിത്രിക്കുന്നു; നന്മയെ തിന്മയാക്കി താറടിക്കുന്ന ആധുനിക യുഗത്തിൽ ജനങ്ങളുടെ മസ്തിഷ്കത്തിൽ കയറിപ്പററിയിരിക്കുന്ന വഴിപിഴച്ച ആശയങ്ങൾ തുടച്ചുമാററിയാൽ മാത്രമേ മാനവവംശം സമുദ്ധരിക്കപ്പെടുകയുള്ളു. ഇന്നു ലോകം ഭൗതികതപത്തിന്റെ നീർച്ചുഴിയിൽപെട്ട് നട്ടംതിരിയുകയാണ്. ദൈവാസ്തിക്യത്തെ നിഷേധിക്കുകയും സാന്മാർഗ്ഗിക മൂല്യങ്ങളെ അവഗണിക്കുകയും ചെയ്യുന്ന ഇന്നത്തെ ജനത, സ്രഷ്ടാവിൽ വിശ്വസിക്കുകയും, അവിടുത്തെ അനന്തപരിപാലനാവിശേഷത്തെ സമ്മതിച്ചംഗീകരിക്കുകയും ചെയ്യുവാൻ തക്ക ഒരു നിലപാട്ട് കൈവരുത്തേണ്ടിയിരിക്കുന്നു. എങ്ങനെയാണ് ഈ കണ്ണടമാററം, ഈ ആശയനവീകരണം സാധിക്കേണ്ടത്. ദൂഷിച്ച ആശയങ്ങൾക്കു പകരം നല്ല ആശയങ്ങൾ മനുഷ്യമസ്തിഷ്കത്തിൽ സ്ഥലം പിടിക്കണം. ഈ ഉദ്ദേശ്യത്തെ മുൻനിറുത്തിയാണല്ലോ അദ്ധ്യയനമണ്ഡല പ്രസ്ഥാനം പ്രവർത്തിച്ചുവരുന്നത്.

കഴിഞ്ഞ മരിയൻ ജൂബിലിവത്സരത്തിൽ പെ. ബ. സക്കറിയാസ് ഒ. സി. ഡി. അവർകളുടെ നിർദ്ദേശപ്രകാരം, ഒരു "ഇൻഡ്യൻ സാമ്പദേശീയ

മരിയൻ സ്റ്റഡി സർക്കിൾ" (All India Marian study circle) രൂപീകരിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി "Marian study circles" എന്ന ഒരു ഇംഗ്ലീഷ് ഗ്രന്ഥം ഞാൻ രചിക്കയുണ്ടായി. വിചാരിച്ചതു പോലെ സംഘടിതമായ രീതിയിലല്ലെങ്കിലും മിക്ക കോളേജുകളിലും ഇതര സ്ഥാപനങ്ങളിലും മരിയൻ പഠനക്കളരികൾ നടത്തപ്പെട്ടു. 1955–ലാണല്ലോ ചങ്ങനാശ്ശേരി കേന്ദ്രമാക്കിക്കൊണ്ടു്, ബ. നടയ്ക്കലച്ചന്റെ അശ്രാന്ത പരിശ്രമഫലമായി 'അദ്ധ്യയനമണ്ഡലം' ഉത്ഘാടനം ചെയ്യപ്പെട്ടതു്. ഏററം കാലോചിതവും വളരുന്ന തലമുറയ്ക്കു് അവശ്യം ആവശ്യവുമായ ഒരു സംരംഭമാണിതു് എന്നതിനു സന്ദേഹമില്ല. കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാർ ഈ നവീന പ്രസ്ഥാനത്തെ അനുഗ്രഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പ്രസ്ഥാനത്തിൽ നിന്നു് കേരളത്തിലെ വളരുന്ന തലമുറ കഴിയുന്നത്ര ഫലമെടുക്കുന്നതിനു എല്ലാവരുടേയും സഹകരണം ആവശ്യകമാണു്.

ബ. നടയ്ക്കലച്ചന്റെ ആഗ്രഹപ്രകാരം മരിയശാസ്ത്രം മുഴുവൻ ആറു ലഘുഗ്രന്ഥങ്ങളിലായി അദ്ധ്യയനമണ്ഡലത്തിനു് എഴുതിക്കൊടുക്കുവാൻ സാധിച്ചതിൽ എനിക്കു് അനല്പമായ ചാരിതാർത്ഥ്യമുണ്ടു്. ഈ ഗ്രന്ഥങ്ങൾ "Marian study circles" എന്ന ഗ്രന്ഥത്തിന്റെ തനി വിവർത്തനമല്ല. പ്രസ്തുത ഗ്രന്ഥത്തെ ആധാരമാക്കിയും മററു പല ഗ്രന്ഥങ്ങൾ വായിച്ചുമാണു് ഇവ തയ്യാറാക്കിയിട്ടുള്ളതു്. 1950–ൽ റോമിൽ വച്ചു നടന്ന "സാർവ്വദേശീയ മരിയൻശാസ്ത്രകോൺഗ്രസ്സ്" പ്രസിദ്ധീകരിച്ചിട്ടുള്ള പന്ത്രണ്ടു വലിയ മരിയൻ ഗ്രന്ഥങ്ങൾ എന്റെ ഗ്രന്ഥരചനയ്ക്കു പ്രത്യേകം സഹായകമായിരുന്നു. ആകയാൽ, മരിയശാസ്ത്രത്തെ അതിന്റെ അധുനാതനമായ നിലപാടിൽ അനുവാ

ചകരുടെ മുമ്പിൽ വയ്ക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ടെന്നു കരുതുന്നു.

ഈ ഗ്രന്ഥരചനയ്ക്കു എന്നെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും അദ്ധ്യയനമണ്ഡലത്തിനുവേണ്ടി അവ പ്രസിദ്ധീകരിക്കുകയുംചെയ്ത ബ. നടയ്ക്കലച്ചനോട് എനിക്കുള്ള കൃതജ്ഞത നിസ്സീമമാണ്. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടിയുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഫലമണിയട്ടെ. ഈ ഗ്രന്ഥാവലി മുഴുവൻ വായിച്ച് തെറ്റുകൾ തിരുത്തിത്തരുകയും ഇതിനു ഒരു അവതാരിക എഴുതുകയും ചെയ്ത പണ്ഡിതവരേണ്യനും ചെത്തിപ്പുഴ സെമ്മിനാരിയിലെ ഒരു പ്രൊഫസറുമായ റവ. ഫാദർ ലൂക്കാസ്, C. D; D. Sc. E. O; L. D. അവർകൾക്ക് എന്റെ കൃതജ്ഞതാനിർഭരമായ കൂപ്പുകൈ. ഈ ഗ്രന്ഥരചനയിൽ എന്നെ പല പ്രകാരത്തിലും സഹായിച്ചിട്ടുള്ള പലരുമുണ്ട്. അവർക്കും എന്റെ കൃതജ്ഞത.

നമ്മുടെ യുവജനങ്ങൾ വിമർശനബുദ്ധ്യാ, കൂലങ്കഷമായി മരിയശാസ്ത്രം പഠിച്ച് പണ്ഡിതന്മാരാകണം എന്ന ഉദ്ദേശ്യത്തോടുകൂടിയല്ല ഈ ഗ്രന്ഥാവലി ഞാൻ രചിച്ചിട്ടുള്ളത്. മരിയശാസ്ത്രപഠനംവഴി മറിയത്തോട് യഥാർത്ഥവും സുസ്ഥിരവുമായ ഭക്തി (Solid piety) യുവഹൃദയങ്ങളിൽ ചെറുപ്പത്തിലേതന്നെ വേരൂന്നണം, നിത്യരക്ഷയുടെ അടയാളമായ പ്രസ്തുത ഭക്തി അവരുടെ ഇഹലോകജീവിതത്തിൽ അവർക്കു താങ്ങും തണലും, ആശ്വാസവും രക്ഷയുമായി ഭവിക്കണം എന്നുള്ള ഏക ഉദ്ദേശ്യത്തെ മുൻനിറുത്തിയാണ് ശ്രമകരമായ ഈ ഗ്രന്ഥരചനയിൽ ഞാൻ ഏർപ്പെട്ടത്. ആകയാൽ, നമ്മുടെ നല്ല അമ്മയായ പ. കന്യകാമറിയത്തോട് അകൈതവമായ ഭക്തി പുലർത്തുന്നതിന് ഈ ഗ്രന്ഥങ്ങൾവഴി ഒരു വ്യക്തിയെങ്കിലും പ്രേരിപ്പിക്കപ്പെട്ടുന്നെങ്കിൽ ഈയുള്ളവൻ കൃതാർത്ഥനായി.

ഗ്രന്ഥകർത്താ.

# മരിയശാസ്ത്രം

## ആമുഖം

1) <u>മരിയശാസ്ത്രത്തിന്റെ നിർവ്വചനം</u>: മരിയശാസ്ത്രം പല നൂററാണ്ടുകളിലും പല പേരുകളിലാണു അറിയപ്പെട്ടിരുന്നത്. ക്രിസ്റ്റോഫർ ദെ വേഗാ എസ്സ്. ജെ. അതിനെ മരിയൻ ദൈവശാസ്ത്രം (Theologia Mariana) എന്നു വിളിച്ചു. മഹാനായ വി. ആൽബർട്ടിന്റെ ഭാഷയിൽ അതു 'മരിയാലേ' (Mariale) എന്നറിയപ്പെട്ടു. ഈ അടുത്തകാലത്തു മാത്രമാണ് അതിനു മരിയശാസ്ത്രം (Mariology) എന്ന പേരു ലഭിച്ചത്. ദൈവശാസ്ത്രം (Theology) തെയോസ്, ലോഗോസ് എന്ന ഗ്രീക്കുപദങ്ങളിൽനിന്നുത്ഭവിക്കുന്നതു പോലെ മരിയശാസ്ത്രം (Mariology) മരിയ, ലോഗോസ് എന്നീ പദങ്ങളിൽനിന്നാണു ഉത്ഭവിക്കുന്നത്.

ആർകപിന്റെ ബിഷപ്പായ ആന്റണി എം. ജാനോട്ടാ എന്നദേഹം, മരിയോളജിക്കു പകരം തെയോത്തോക്കോളജി എന്ന പദമാണു ഉപയോഗിക്കേണ്ടതെന്നു അഭിപ്രായപ്പെടുന്നു. ഗ്രീക്കിൽ തെയോത്തോക്കോസ് എന്ന പദത്തിനു ദൈവജനനിയെന്നാണർത്ഥം. ആകയാൽ തെയോത്തോക്കോളജി (Theotocology) യുടെ തനി തർജ്ജമ ദൈവമാതൃശാസ്ത്രം എന്നത്രേ. ബിഷപ്പ് ജാനോട്ടാ ചില കാരണങ്ങൾ ഉന്നയിക്കുന്നതു നോക്കുക: 'മരിയ' എന്ന വാക്കു ദൈവജനനിയെന്ന നിലയിലുള്ള മറിയത്തിന്റെ ഉന്നതസ്ഥാനത്തേയും നിസ്തുലമായ അതിസ്വാഭാവിക മഹ

ത്വത്തേയും വെളിപ്പെടുത്തുവാൻ പോരുന്നതല്ല. മറിയം എന്ന വാക്കിനു സുറിയാനിയിൽ 'നാഥ'യെന്നു മാത്രമാണർത്ഥം. എന്നാൽ മറിയത്തിൻെറ അതുല്യ മഹിമയെ പ്രസ്പഷ്ടമാക്കുന്നതും എഫേസൂസ്സിലേ കൗൺസിലിൽ സമ്മേളിച്ച പിതാക്കന്മാർ പരിശുദ്ധാത്മാവിനാൽ പ്രേരിതരായി ആദ്യമായി ഉപയോഗിച്ചതും ദൈവജനനിയെന്നർത്ഥമുള്ള തെയോത്തോക്കോസ് എന്ന പദമാണ്. അക്കാരണാൽ മറിയത്തെക്കുറിച്ചുള്ള പ്രതിപാദനത്തെ ദൈവമാതൃശാസ്ത്രം– തെയോത്തോക്കോളജി– എന്നാണു വിളിക്കേണ്ടതു്.

ഈ അഭിപ്രായത്തിനെതിരായി പലരും പല ന്യായങ്ങളുമുന്നയിച്ചിട്ടുണ്ട്:

1) മരിയയെന്ന പദം ദൈവമാതാവിൻെറ മഹത്വം പ്രസ്പഷ്ടം പ്രകടമാക്കുന്നില്ലെങ്കിലും, അസ്പഷ്ടമായി എടുത്തുകാണിക്കുന്നുണ്ട്. കാരണം 'മറിയ'യെന്ന നാമം ദൈവജനനിയെക്കുറിച്ചല്ലാതെ മററാരേയും സംബന്ധിച്ചല്ല പ്രയോഗിക്കപ്പെട്ടിരിക്കുന്നതെന്നു സുവിദിതമാണല്ലോ.

2) മറിയമെന്ന വാക്കിനു നാഥയെന്നു മാത്രമേ അർത്ഥമുള്ളു എന്നു പറയുന്നതു തെററാണ്. ഈ നാമത്തിനു പലരും പല അർത്ഥങ്ങളും നൽകിക്കാണുന്നു. അതിൻെറ അർത്ഥം 'നാഥൻെറ അമ്മ' (അതായതു്: ദൈവജനനി) എന്നാണെന്നു പറയുന്നവരുണ്ട്.

3) 'ലോഗോസ്' എന്ന പദം ആളിനെ കുറിക്കുന്ന വാക്കിനോടാണു സാധാരണ ചേർക്കപ്പെടുക; ആളിൻെറ ഗുണത്തെക്കുറിക്കുന്നതിനോടല്ല. ഇങ്ങനെ തിയോളജി (ദൈവശാസ്ത്രം) ക്രിസ്റ്റോളജി (ക്രിസ്തുശാസ്ത്രം) മുതലായ പദങ്ങൾ നാം ഉപയോഗിക്കുന്നുണ്ട്. തെയോത്തോക്കൊസ് എന്ന പദം ഗുണത്തെ കുറിക്കുന്നതാണല്ലോ.

4) ദൈവമാതൃശാസ്ത്രമെന്നതിൻെറ വ്യംഗ്യാർത്ഥം പരിഗണിച്ചാൽ, മരിയശാസ്ത്രത്തിൻെറ ഒരു ഭാഗം

മാത്രമേ അതു കുറിക്കുന്നുള്ളു. ദൈവമാതൃത്വത്തെപ്പററിയുള്ള ഒരു പ്രതിപാദനമെന്നാണല്ലോ ദൈവമാതൃശാസ്ത്രമെന്നതു അർത്ഥമാക്കുന്നതു്.

5) എല്ലാക്കാലത്തും എല്ലാ ജനപദങ്ങളും ഏതെങ്കിലും ഒരു വസ്തുവിനെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രത്തിനു ആ വസ്തുവിൻെറ വസ്തുനിഷ്ഠമായ സ്ഥിതിയെ പ്രസ്പഷ്ടമാക്കുവാൻ പോരുന്ന പേരാണു ഉപയോഗിച്ചു കാണുന്നതു്. ഉദാഹരണമായി മനുഷ്യശാസ്ത്രം (anthropology) മൃഗശാസ്ത്രം (zoology) മനഃശാസ്ത്രം (psychology) എന്നിങ്ങനെയുള്ള പേരുകൾ നോക്കുക. അവയോരോന്നും പ്രതിപാദ്യവസ്തുവിൻെറ വസ്തുനിഷ്ഠമായ നിലപാടിനെയല്ലേ കുറിക്കുന്നതു്? ദൈവമാതൃശാസ്ത്രമെന്ന പദംകൊണ്ടു് മരിയശാസ്ത്രത്തിൻെറ ഒരു ഭാഗം മാത്രമേ സൂചിപ്പിക്കപ്പെടുന്നുള്ളു.

ഇങ്ങനെ അഭിജ്ഞന്മാർ ഉന്നയിക്കുന്ന ഔചിത്യപരമായ കാരണങ്ങൾവച്ചു ചിന്തിച്ചാൽ മരിയശാസ്ത്ര (Mariology) മെന്ന നാമംതന്നെയാണു ഉചിതവും സാർത്ഥകവുമായിത്തോന്നുന്നതു്.

<u>യഥാർത്ഥ നിർവ്വചനം</u>: മരിയശാസ്ത്രത്തെ ഏതാണ്ടിങ്ങനെ നിർവ്വചിക്കാം: "ദൈവശാസ്ത്രത്തിൽ സാർവ്വത്രിക മാതാവായ മറിയത്തെപ്പററി പ്രതിപാദിക്കുന്ന ഭാഗമാണു മരിയശാസ്ത്രം." (Roschini)

<u>മരിയശാസ്ത്രവിഭജനം</u>: മരിയശാസ്ത്രത്തിനു പല വിഭജനങ്ങളും പണ്ഡിതന്മാർ നൽകിക്കാണുന്നു. ചരിത്രപരം, തിരുകർമ്മപരം, കലാപരം, ക്രിസ്തുശാസ്ത്രപരം, മിസ്റ്റിക്കൽ, എന്നിങ്ങനെ പോകുന്നു വിഭജനങ്ങൾ.

ഈ വിഭജനങ്ങളൊന്നും അതേപടി സ്വീകരിക്കാതെ ഏററം സമുചിതമെന്നു തോന്നിയ ഒരു ശാസ്ത്രീയ വിഭജനമാണു ഈ ഗ്രന്ഥപരമ്പരയിൽ അനുവർത്തിക്കപ്പെട്ടിരിക്കുന്നതു്. മറിയത്തിൻെറ മുൻകൂട്ടിയുള്ള തിര

ഞ്ഞെടുപ്പും അവളുടെ ജനനവുമാണു ആദ്യ പുസ്തകത്തിലെ പ്രതിപാദ്യം. രണ്ടാമത്തേതിൽ ദൈവമാതാവാകുവാൻ താൻ മുൻകൂട്ടി തിരഞ്ഞെടുത്ത കന്യകയെ ആ ഉന്നതോദ്യോഗ നിർവ്വഹണത്തിനായി ദൈവം എപ്രകാരമെല്ലാം ഒരുക്കിയെന്നു ,പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. നിത്യകന്യകയും ദൈവമാതാവുമായ മറിയത്തെപ്പററിയാണു അടുത്തതിൽ. മനുഷ്യരക്ഷയെന്ന മഹാകൃത്യത്തെപ്രതിയാണല്ലോ ദൈവമാതൃസ്ഥാനം മറിയത്തിൽ നിക്ഷിപ്തമായതു്. തന്നിൽനിന്നു മനുഷ്യസ്വഭാവം സ്വീകരിച്ച മിശിഹായോടുകൂടി അവൾ മനുഷ്യവർഗ്ഗത്തിന്റെ സഹരക്ഷകയായി വർത്തിച്ചുകൊണ്ടു്, നരകുലപരിത്രാണമെന്ന ആ മഹാകൃത്യത്തിൽ ഭാഗഭാക്കായി. ഇങ്ങനെ അവൾ സാർവ്വത്രിക മധ്യസ്ഥയെന്ന പേരിനു അർഹയായിത്തീർന്നു. 'സാർവ്വത്രിക മദ്ധ്യസ്ഥ'യെന്ന വാക്കുകൊണ്ടു് സാധാരണ മിക്ക ഗ്രന്ഥകാരന്മാരും മറിയത്തെ സകല വരപ്രസാദങ്ങളുടേയും മദ്ധ്യസ്ഥയായി മാത്രമാണു ചിത്രിച്ചുകാണുന്നതു്. എന്നാൽ മാദ്ധ്യസ്ഥ്യത്തിൽ വരപ്രസാദങ്ങളുടെ സമ്പാദനവും വിതരണവും ഉൾപ്പെടുന്നതിനാൽ, സഹരക്ഷക, സകല വരപ്രസാദങ്ങളുടേയും വിഭജക എന്നീ ദ്വിവിധ മാദ്ധ്യസ്ഥോദ്യോഗങ്ങളെപ്പററിയാണു നാലാം പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. മനുഷ്യനായി പിറന്ന ദൈവസുതന്റെ മാതാവു്, ആയുഃശേഷവും, അവളുടെ ഉന്നതസ്ഥാനത്തിനനുയോജ്യമായ ഒരു മഹത്വത്തിനു അർഹയാണല്ലോ. ദൈവത്തിന്റെ പ്രത്യേകാനുകൂല്യത്താൽ മറിയം ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗത്തിലേക്കാരോപിതയായി. അവൾ ഇന്നു തന്റെ തിരുസുതനായ ക്രിസ്തുരാജനോടുകൂടി, രാജ്ഞിയെന്ന നിലയിൽ സകലത്തേയും ഭരിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ ദൈവമാതാവിനു ആയുഃശേഷം സംസിദ്ധമായ മഹത്വത്തെ—സ്വർഗ്ഗാരോപണം, രാജ്ഞീപദം—പ്പററിയാണു അഞ്ചാം

പുസ്തകത്തിൽ ചർച്ച ചെയ്തിരിക്കുന്നത്. ആറാമത്തേതിലാകട്ടെ, ദൈവത്തിന്റേയും നമ്മുടേയും മാതാവായ മറിയത്തെ നാം എങ്ങനെ വണങ്ങണമെന്നതിനെപ്പററിയും. ഒററ വാക്കിൽ, ദൈവം മറിയത്തിനു നല്കിയ വിശേഷവരങ്ങളിൽവച്ച് പ്രഥമവും പ്രധാനവുമായ ദൈവമാതൃത്വത്തിൽ കേന്ദ്രീകൃതമായ ഒരു വിഭജനമാണു മരിയശാസ്ത്രത്തിനു ഈ ഗ്രന്ഥപരമ്പരയിൽ നല്കിയിരിക്കുന്നത്.

## മരിയശാസ്ത്രത്തിന്റെ പ്രാധാന്യം.

i) വസ്തുനിഷ്ഠമായി ചിന്തിച്ചാൽ മരിയശാസ്ത്രം, ദൈവത്തിന്റെ ഏററം ഉൽകൃഷ്ട സൃഷ്ടിയെപ്പററി, അതേ, ദൈവം ഒഴിച്ചു മററെല്ലാവരേയും അതിശയിക്കുന്ന ഒരു വ്യക്തിയെപ്പററിയാണു പ്രതിപാദിക്കുന്നത്. ഒമ്പതാം പീയൂസ് മാർപ്പാപ്പാ Ineffabilis Deus എന്ന വിശ്വലേഖനത്തിൽ പറയുന്നു: മറിയം, "ദൈവത്തിന്റെ ഒരു നിസ്തുല അത്ഭുതംപോലെ, സകല അത്ഭുതങ്ങളുടേയും ശിരസ്സെന്നപോലെ". വിരാജിക്കുന്നു. ഒരു വസ്തു എത്ര വൈശിഷ്ട്യമുള്ളതാണോ അത്രകണ്ട് ഉൽകൃഷ്ടമാണു അതിനെപ്പററിയുള്ള പഠനം.

ii) ദൈവശാസ്ത്രത്തോടു അഭേദ്യബന്ധമുള്ളതാണു മരിയശാസ്ത്രം. അതു ദൈവശാസ്ത്രത്തിന്റെ ഒരു സംഗ്രഹമാണെന്നു പറയാം. മരിയശാസ്ത്രം നന്നായി പഠിച്ചാൽ ദൈവശാസ്ത്രം കൂടുതൽ എളുപ്പം നമുക്കു മനസ്സിലാകുന്നതാണ്. എന്തുകൊണ്ടെന്നാൽ സകല സൃഷ്ടികളിലും വച്ചു പ്രഥമ സൃഷ്ടിയായ മറിയത്തെപ്പററി പഠിക്കുന്നതു നിമിത്തം, മുൻനിർണ്ണയം, സൃഷ്ടി, പരിപാലന എന്നിങ്ങനെ ഏക ദൈവത്തെ സംബന്ധിക്കുന്ന സംഗതികൾ സ്പഷ്ടതരമായി ഗ്രഹിക്കുവാൻ സാധിക്കും.

iii) മരിയശാസ്ത്രത്തിൽ, ത്രിത്വത്തിലെ മൂന്നാളുകളോടും മറിയത്തിനുള്ള പ്രത്യേക ബന്ധത്തെപ്പററി പഠിക്കുന്നതുകൊണ്ട്, ദൈവശാസ്ത്രത്തിൽ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള പ്രതിപാദനം സുഗ്രഹമായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ, മനുഷ്യാവതാരത്തിലും പരിത്രാണകർമ്മത്തിലും മറിയത്തിൻെറ സഹകരണം ദൈവം ആവശ്യപ്പെടുകയാൽ, മരിയശാസ്ത്രം മനുഷ്യാവതാരംചെയ്ത ദൈവവചനത്തേയും ലോകപരിത്രാതാവായ മിശിഹായേയുംപററി നിഷ്കൃഷ്ടമായി പഠിക്കുന്നതിനു സഹായകമാണ്.

iv) വരപ്രസാദപൂർണ്ണയും സകല വരപ്രസാദങ്ങളുടേയും സാർവ്വത്രിക മദ്ധ്യസ്ഥയുമായ മറിയത്തെക്കുറിച്ചുള്ള പരിചിന്തനം, ദൈവശാസ്ത്രത്തിൽ പ്രയാസമേറിയ ഒരു ഭാഗമായ വരപ്രസാദത്തെപ്പററി പഠിക്കുന്നതിനു നമുക്കു എളുപ്പം തരുന്നു.

പണ്ഡിതനായ സുവാരസിൻെറ വാക്കുകൾ ഇത്തരുണത്തിൽ സ്മർത്തവ്യങ്ങളാണ്. അദ്ദേഹം പറയുന്നു: "ദൈവത്തേയും ക്രിസ്തുവിനേയും പററിയുള്ള ജ്ഞാനമൊഴിച്ചാൽ (മറിയത്തെക്കുറിച്ചുള്ള ജ്ഞാനത്തേക്കാൾ) മററൊന്നും കൂടുതൽ ഉപകാരപ്രദമോ ഒരു ദൈവശാസ്ത്രജ്ഞനു കൂടുതൽ അഭിമാനകരമോ ആയി ഞാൻ കരുതുന്നില്ല.

v) നമുക്കു ലഭിക്കാവുന്ന നിരവധി സത്ഫലങ്ങൾവച്ചു നോക്കിയാലും മരിയശാസ്ത്രം വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നു കാണുവാൻ സാധിക്കും. ഈ സുന്ദരശാസ്ത്രം നന്നായി പഠിക്കുന്നതുമൂലം ദൈവത്തേയും മിശിഹായേയും മറിയത്തേയും പററിയുള്ള ജ്ഞാനവും അവരോടുള്ള സ്നേഹവും നമ്മിൽ അധികരിച്ചുവരുന്നതാണ്.

a) സൃഷ്ടി സ്രഷ്ടാവിൻെറ മഹത്വത്തെയാണല്ലോ വിളിച്ചറിയിക്കുന്നത്. സ്രഷ്ടാവിൻെറ അസ്തിക്യത്തേയും സ്വഭാവഗുണങ്ങളേയും അതു വെളിപ്പെടുത്തുന്നു. ഇപ്ര

കാരമെങ്കിൽ, ദൈവത്തിൻെറ അനന്തബോധജ്ഞാനത്തിൻേറയും നിസ്സീമശക്തിയുടേയും കണ്ടുപിടുത്തമായ കന്യകാമറിയത്തെപ്പററി എന്തു പറയട്ടെ. സന്യാസിയമാണ ഫി. ജർമ്മാനോസ് പറഞ്ഞിരിക്കുന്നത്: "രേഖയോ ശബ്ദമോ കൂടാതെ, ലേഖകനായ ദൈവത്തേയും വചനത്തേയും പാരായണം ചെയ്യാവുന്ന ദൈവത്തിൻേറയും വചനത്തിൻേറയും സജീവവും പരിശുദ്ധവുമായ ഗ്രന്ഥമാകുന്നു" മറിയം.

14228.

b) മരിയശാസ്ത്രം നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹായെക്കുറിച്ച് ഉപരിജ്ഞാനം നൽകുന്നതിനു പര്യാപ്തമാണ്. എന്തുകൊണ്ടെന്നാൽ മറിയം ക്രിസ്തുവിനോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യാവതാരം മുൻനിശ്ചയം ചെയ്യപ്പെട്ട അതേ ഡിക്രിയിൽ മറിയത്തിൻെറ അസ്തിത്വവും ദൈവമാതൃപദവും ഉൾപ്പെട്ടിരുന്നു. ഇങ്ങനെ അനാദികാലം മുതൽ തന്നെ മറിയം ക്രിസ്തുവിനോടു ബന്ധിതയായിരുന്നു. ഹെസക്കിയസ് പറയുന്നതുപോലെ ക്രിസ്തു സൂര്യനെങ്കിൽ മറിയം പ്രകാശമാകുന്നു; ക്രിസ്തു മുത്താണെങ്കിൽ മറിയം കിരീടമാകുന്നു; ക്രിസ്തു പുഷ്പമാണെങ്കിൽ മറിയം തായ്ത്തണ്ടാകുന്നു.

c) അവസാനമായി, മരിയശാസ്ത്രം, ദൈവജനനിയായ മറിയത്തെത്തന്നെ വേണ്ടവിധം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനും നമ്മെ സഹായിക്കുന്നതാണ്. അറിയാത്ത ഒരു വസ്തുവിനെ നാം സ്നേഹിക്കയില്ലല്ലോ. അതുകൊണ്ട് മറിയത്തെപ്പററിയുള്ള പൂർണ്ണമായ ഒരു ജ്ഞാനം പൂർണ്ണമായി അവളെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും അവളോടു കൃതജ്ഞരായിരിക്കുന്നതിനും നമുക്കു പ്രേരണ നല്കാതിരിക്കയില്ല. നമ്മുടെ ആദ്ധ്യാത്മിക ജീവൻെറ പ്രഥമ കാരണമായ ക്രിസ്തുവിനോടുകൂടി പ്രസ്തുത ജീവൻെറ ദ്വിതീയകാരണമായി വർത്തിക്കു

ന്ന കന്യാംബികയോടു നമുക്കുള്ള അനന്യ സാധാരണമായ ബന്ധത്തെപ്പററി നാം മരിയശാസ്ത്രത്തിൽ പഠിക്കുന്നു. പരിശുദ്ധാത്മാവിനോടുകൂടി നമ്മുടെ ആത്മാക്കളെ വിശുദ്ധീകരിക്കുന്ന നല്ല ഉപകാരിണിയായി അവളെ നാം കണ്ടെത്തുന്നു. പാപപങ്കിലമായ നമ്മുടെ ആത്മാക്കളെ പവിത്രീകരിച്ച ആദ്ധ്യാത്മിക ജീവനെ പരിരക്ഷിച്ചുകൊണ്ടുപോകുന്നതിനു ഈ നല്ല അമ്മയുടെ മാദ്ധ്യസ്ഥം എത്ര സഹായകമാണെന്നു നാം മനസ്സിലാക്കുന്നു. ഇങ്ങനെ ദൈവമഹത്വവും നമ്മുടെ ആത്മരക്ഷയും സാധിക്കുവാൻ എത്ര വലിയ പ്രചോദനമാണു മരിയശാസ്ത്രം പ്രദാനം ചെയ്യുന്നത്.

# മരിയശാസ്ത്രം

(ഒന്നാം ഭാഗം)

## രണ്ടാമത്തെ ഹവ്വാ

അഥവാ

## ലോകം പ്രതീക്ഷിച്ചിരുന്ന മറിയം

### പ്രാരംഭം

“ഉദിച്ചുവരുന്ന പ്രഭാതംപോലെ പുറപ്പെടുന്ന ഇവൽ ആരാകുന്നു. (പാട്ടുകളുടെ പാട്ട്: VI, 9.)

ആരാകുന്നു ആ സുന്ദരി? ഈ ചോദ്യത്തിനു സമ്യക്കായ ഒരു ഉത്തരം ലഭിക്കുന്നതിന് നാം ആ പൂർവ്വചരിത്രത്തിലേക്കു ഒന്നു എത്തിനോക്കേണ്ടിയിരിക്കുന്നു.

ദൈവം അനന്തജ്ഞാനിയാണു്. അവിടുന്നു സകല പ്രപഞ്ചവസ്തുക്കളേയും തന്റെ മഹത്വത്തെ വിളിച്ചറിയിക്കുമാറു് നിയന്ത്രിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്നു. കാലത്തിന്റെ തികവിൽ, തന്റെ മുൻപ്ലാനനുസരിച്ചു്, അവിടുന്നു പ്രപഞ്ചത്തേയും അതിന്റെ മകുടമായി മനുഷ്യനേയും സൃഷ്ടിച്ചു. പ്രകൃത്യതീതമായ ഒരന്ത്യത്തിനുവേണ്ടിയാണു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു്. എന്നാൽ എന്തു സംഭവിച്ചു? ആ പഴയ കഥ നമുക്കറിയാം. അതു വിസ്തരിക്കേണ്ട ആവശ്യമില്ല. മനുഷ്യൻ അവന്റെ പ്രതാപത്തിൽ ദൈവാജ്ഞയെ ലംഘിച്ചു. നന്മയെ സ്നേഹിക്കുകയും തിന്മയെ ദ്വേഷിക്കുകയും ചെയ്യുന്ന നീതിമാനായ ദൈവം അവനെ

ശിക്ഷിച്ചു. അവൻ ഭൗമിക പറുദീസായിൽനിന്ന് അട്ടിപ്പുറത്താക്കപ്പെട്ടു. വരപ്രസാദം അവനു നഷ്ട പ്പെട്ടു. പാപവും ജീവിതാരിഷ്ടതകളും അവനു ജന്മാ വകാശമായി. അപ്പസ്തോലൻെറ വാക്കുകൾ ശാപ ഗ്രസ്തമായ മനുഷ്യപ്രകൃതിയെ വരച്ചുകാണിക്കുന്നുണ്ട്: "ഒരു മനുഷ്യൻമൂലം പാപവും, പാപംവഴി മരണവും ഈ ലോകത്തിൽ പ്രവേശിച്ചു." (റോമ. V. 12.)

ഇങ്ങനെ യാതനകളുടേയും വേദനകളുടേയും താഴ്വരയിൽക്കൂടി മനുഷ്യവർഗ്ഗം നൂററാണ്ടുകൾതന്നെ പിന്നിട്ടു. എന്നാൽ ഈ യുഗങ്ങളിലെല്ലാം പ്രത്യാശ യുടെ ഒരു വെള്ളിനക്ഷത്രം മിന്നിപ്രകാശിച്ചിരുന്നു. പാപത്തിൻെറ ഭയാനകമായ കൂരിരുളിൽ, ആ ഉദയ നക്ഷത്രത്തിൻെറ സുവർണ്ണരശ്മികൾ മനുഷ്യമനസ്സിനു സമാശ്വാസം പ്രദാനം ചെയ്തിരുന്നു. കരുണാവാരി ധിയായ ദൈവം അഹങ്കാരിയായ മനുഷ്യനെ ശിക്ഷി ച്ചുവെങ്കിലും അവനു ഒരു രക്ഷകനെ വാഗ്ദാനം ചെ യ്തിരുന്നല്ലോ. ലോകരക്ഷകൻെറ ആഗമനത്തെ പ്ര ദ്യോതിപ്പിക്കുന്ന അടയാളങ്ങൾ ദർശിക്കുവാൻ പൂർവ്വ പിതാക്കന്മാർ വിശുദ്ധ ഗ്രന്ഥമെല്ലാം പരിശോധിച്ചു നോക്കി. പാട്ടുകളുടെ പാട്ടിലേ ആ വാക്കുകൾ അവ ക്ക് എത്രകണ്ടു ആശ്വാസജനകമായിരുന്നിരിക്കണം! "ഉദിച്ചുവരുന്ന പ്രഭാതംപോലെ പുറപ്പെടുന്ന ഇവൾ ആരാകുന്നു." അതേ, ലോകരക്ഷകൻെറ മാതാവാകു വാൻ ദൈവം മുൻകൂട്ടി തിരഞ്ഞെടുത്ത മറിയത്തി ൻെറ ഒരു നിദർശനമാണ് അരുണിമനിറഞ്ഞ ആ പ്ര ഭാതമെന്നു പറയാം. ഇങ്ങനെ പൂർവ്വപിതാക്കളുടെ പ്ര തീക്ഷയും പ്രത്യാശയുമായിരുന്ന ആ മറിയത്തെക്കുറിച്ചു നമുക്കു തെല്ലൊന്നു ചിന്തിക്കാം.

# മറിയം മുൻകൂട്ടി തിരഞ്ഞെടുക്കപ്പെടുന്നു

## 1) എന്താണ് മുൻനിർണ്ണയം (Predestination)?

Praedestinare എന്ന ലത്തീൻ വാക്കിൽനിന്നുത്ഭവിക്കുന്ന Predestination എന്ന ഇംഗ്ലീഷ് പദത്തിന്, മുൻനിർണ്ണയം, മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പ് എന്നെല്ലാം അർത്ഥമുണ്ട്. ദൈവശാസ്ത്രത്തിൽ ഈ വാക്ക പുത്തരിയല്ല.

മുൻനിർണ്ണയത്തെ ഏതാണ്ടിപ്രകാരം നിർവ്വചിക്കാം: സ്വർഗ്ഗീയമഹത്വം പ്രാപിക്കുന്നതിനു ആവശ്യമായ സകല മാർഗ്ഗങ്ങളും ഒരുവനു ശക്യമാക്കിച്ചെയ്തുകൊണ്ട്, അവനെ നിത്യസൗഭാഗ്യത്തിനായി ദൈവം മുൻകൂട്ടിനിശ്ചയിക്കുന്നതിനെയാണ് മുൻനിർണ്ണയം അഥവാ പ്രീഡെസ്റ്റിനേഷൻ എന്നു പറയുന്നത്. വേദശാസ്ത്രപരമായ ഈ അർത്ഥത്തിൽ, തിരഞ്ഞെടുക്കപ്പെട്ടവരായ നീതിമാന്മാരെല്ലാവരും നിത്യമഹത്വം പ്രാപിക്കുന്നതിന് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്നു തിരുസ്സഭ പഠിപ്പിക്കുന്നു. ഈ പ്രബോധനത്തിനു് ഉപോൽബലകമാണ് വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ: "അവൻ മുൻകൂട്ടി ആരെ അടയാളപ്പെടുത്തിയോ അവരെ വിളിച്ചു; ആരെ വിളിച്ചുവോ അവരെ നീതീകരിച്ചു; ആരെ നീതീകരിച്ചുവോ അവരെ മഹത്വപ്പെടുത്തി." (റോമാ. VIII, 30)

## 2) മറിയത്തിൻെറ മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പ് എന്തല്ല.

പ. കന്യക മറിയത്തെക്കുറിച്ച്, മേൽപ്രസ്താവിച്ച അർത്ഥത്തിലല്ല മുൻനിർണ്ണയം നാം മനസ്സിലാക്കേണ്ടതു്.

കാരണം, ദൈവപ്രസാദവും നിത്യമഹത്വവും പ്രാപിക്കുന്നതിനായി ദൈവം അവളെ മുൻകൂട്ടി നിശ്ചയിച്ചതിനെക്കുറിച്ചല്ല നാം ഇവിടെ പ്രതിപാദിക്കുന്നത്; പ്രത്യുത, ലോകരക്ഷകനായി മനുഷ്യാവതാരം ചെയ്യുവാനിരുന്ന ദൈവസുതൻെറ മാതാവാകുവാൻ മുൻകൂട്ടി തിരഞ്ഞെടുത്തതിനെക്കുറിച്ചാണ്.

## 3) ഈ തിരഞ്ഞെടുപ്പിൻെറ സ്വഭാവം

പരിശുദ്ധ കന്യകാമറിയത്തിൻെറ മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പിനെ നമുക്കു രണ്ടു വിധത്തിൽ രൂപീകരിക്കാം. ഒന്ന്: അന്നു ജീവിച്ചിരുന്ന സകല യഹൂദസ്ത്രീകളിലും നിന്ന് ഒരു സ്ത്രീയെ— മറിയത്തെ— മനുഷ്യാവതാരം ചെയ്യുവാനിരുന്ന ദൈവകുമാരൻെറ മാതാവാകുവാൻ ദൈവം തിരഞ്ഞെടുത്തു. ഈ വിധത്തിൽ രൂപീകരിക്കുന്നതായാൽ, മറിയം, തിരഞ്ഞെടുക്കപ്പെടുന്നതുവരെ ദൈവമാതാവായിരുന്നില്ല എന്നു വരും. അതു അബദ്ധമാണല്ലോ. ആകയാൽ ഈ അഭിപ്രായം സ്വീകാര്യമല്ല. രണ്ട്: അനാദികാലംമുതൽതന്നെ ദൈവം, ലോകരക്ഷകൻെറ മാതാവാകുവാൻ ഒരു പ്രത്യേകസ്ത്രീയെ— മറിയത്തെ— നിശ്ചയിച്ചുവച്ചിരുന്നു. മറിയത്തിൻെറ മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പിനെ ഈ വിധത്തിൽ വീക്ഷിക്കുമ്പോൾ അവൾ എന്നെന്നും ദൈവമാതാവായി സ്ഥിതിചെയ്യുന്നതായി കാണാം. ഈ രണ്ടാമത്തെവിധത്തിലാണ് മറിയത്തിൻെറ തിരഞ്ഞെടുപ്പു നടന്നതെന്ന് ഭൂരിപക്ഷം ദൈവശാസ്ത്രപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. തിരുസ്സഭ പഠിപ്പിക്കുന്നതും അതുതന്നെ.

അധഃപതിച്ച മനുഷ്യവർഗ്ഗത്തെ സമുദ്ധരിക്കുന്നതിന് ലോകരക്ഷകനെ മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടുള്ള ദൈവത്തിൻെറ അതേ ഡിക്രിയാൽ (decree) തന്നെ മറിയത്തിൻെറ തിരഞ്ഞെടുപ്പും (election)

നിർവ്വഹിക്കപ്പെട്ടു. ദൈവവും മനുഷ്യനുമായ യേശുക്രിസ്തുവിൻെറ മാതാവാകുവാനായിരുന്നു ഈ മുൻനിശ്ചയം. കാരണം, ചില പാഷണ്ഡികൾ ശഠിക്കുന്നതുപോലെ, മറിയം ക്രിസ്തുവിൻെറ മനുഷ്യത്വത്തിൻെറ മാത്രം മാതാവല്ലല്ലോ.

ഈ തിരഞ്ഞെടുപ്പ് വ്യക്തിപരമായ തൻെറ യാതൊരു യോഗ്യതകൊണ്ടും മറിയം അർഹിച്ചതല്ല, പ്രത്യുത, ദൈവത്തിൻെറ ഒരു ഇഷ്ടദാനമായിരുന്നു.

സ്വർഗ്ഗസൗഭാഗ്യത്തിനായി ദൈവം മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട നീതിമാന്മാരെക്കുറിച്ചുള്ള മുൻനിശ്ചയം ഒരു അപേക്ഷികസ്വഭാവത്തോടുകൂടിയതാണെന്നു പറയാം. (hypothetical) എന്നാൽ മറിയത്തിൻെറ തിരഞ്ഞെടുപ്പ് ദൈവസുതൻെറ മനുഷ്യാവതാരത്തിൽ അടങ്ങിയിരിക്കുന്നതിനാൽ അതു അനാപേക്ഷികവും (unconditional) അപ്രതിഹതവുമാണ്.

## 4) വേദപുസ്തകസാക്ഷ്യം

ദൈവം മറിയത്തെ ദൈവമാതൃസ്ഥാനത്തേക്കു മുൻകൂട്ടി തിരഞ്ഞെടുത്തുവെന്നു സമർത്ഥിക്കുവാൻ സ്പഷ്ടമായ യാതൊരു തെളിവും നാം വിശുദ്ധ ഗ്രന്ഥത്തിൽ കണ്ടെത്തുകയില്ല. എന്നാൽ പരോക്ഷവും അസ്പഷ്ടവുമായ പല തെളിവുകളും ഉന്നയിക്കുവാൻ സാധിക്കും. മറിയത്തെക്കുറിച്ചു പറയപ്പെട്ടിരിക്കുന്നതെന്നു നൂററാണ്ടുകളായി സഭ കരുതിപ്പോരുന്ന ചില വേദവാക്യങ്ങൾ, അനാദികാലം മുതൽക്കേ അവൾ ദൈവത്തിൻെറ മഹത്തായ പ്ലാനിൽ സ്ഥലം പിടിച്ചിരുന്നുവെന്നു കാണിക്കുന്നു. ഉദാഹരണമായി സുഭാഷിതങ്ങളിൽ നാമിങ്ങനെ വായിക്കുന്നു: "ദൈവം തൻെറ വഴികളുടെ ആരംഭത്തിൽ, യാതൊന്നും സൃഷ്ടിക്കുന്നതിനു

മുൻപ്, ആദിയിൽ എന്നെ സ്വായത്തമാക്കിയിരുന്നു. ഭൂമിയെ സൃഷ്ടിക്കുന്നതിനു മുൻപേ, പണ്ടുപണ്ടേ അനാദിയിൽ ഞാൻ ക്രമപ്പെടുത്തപ്പെട്ടിരുന്നു.'' (സുഭാഷിതങ്ങൾ: VIII, 22-23.)

## 5) തിരുസ്സഭയുടെ സാക്ഷ്യം

പരിശുദ്ധ കന്യകയുടെ മുൻകൂട്ടിയുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിച്ച്, ഒൻപതാം പീയൂസ് മാർപ്പാപ്പാ "ഇന്നെഫാബിലിസ് ദേവൂസ്'' എന്ന തൻെറ ചാക്രികലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതിങ്ങനെയാണ്: "അനാദികാലം മുതൽതന്നെ, സർവ്വവല്ലഭനായ ദൈവം, തൻെറ ഏക ജാതൻ സമയത്തിൻെറ പൂർണ്ണതയിൽ മനുഷ്യാവതാരം ചെയ്യുന്നതിനുവേണ്ടി, ഒരു മാതാവിനെ മുൻകൂട്ടി തിരഞ്ഞെടുക്കുകയും നിശ്ചയിക്കുകയും ചെയ്തു.''

## 6) ഈ തിരഞ്ഞെടുപ്പ് എങ്ങിനെ മറിയത്തിൻെറ മഹത്വത്തെ വർദ്ധിപ്പിക്കുന്നു

ദൈവം ആദിയിൽതന്നെ കരുപ്പിടിച്ച പ്ലാനിൽ ഒരു സൃഷ്ടിക്കു സ്ഥാനം ലഭിക്കുകയെന്നതും ആ പ്ലാനിൻെറ കേന്ദ്രഘടകമായി ഭവിക്കുകയെന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഏതെങ്കിലും ഒരു സൃഷ്ടിയുടെ അസ്തിത്വം ഇല്ലാതിരിക്കുന്നുവെങ്കിൽ, അതു ദൈവത്തിൻെറ പരിപാലനാക്രമത്തിനു തെല്ലും ബാധകമല്ല. എന്നാൽ മറിയത്തിൻെറ കാര്യം അങ്ങനെയല്ല. ദൈവപരിപാലനാക്രമത്തിൽ അവളുടെ അസ്തിക്യം അത്യന്താപേക്ഷിതമാണ്.

കൂടാതെ, കന്യകാമറിയം ദൈവമായ ക്രിസ്തുവിൻെറ സ്വാഭാവിക ശരീരത്തിൻെറ മാതാവുമാത്രമല്ല, മൗതികശരീരത്തിൻെറകൂടി സാക്ഷാൽ മാതാവാകുന്നു.

ഈ മൗതികശരീരം യഥാൎത്ഥമായ ഒരു ദൈവസൃഷ്ടി തന്നെ, മറിച്ച് ചിലർ ശംിക്കുന്നതുപോലെ വെറും ഭാവനാനിൎമ്മിതമല്ല. നിലവിലിരിക്കുന്ന ദൈവപരിപാലനാക്രമം മറിയത്തെക്കൂടാതെ നിലകൊള്ളുകയില്ല. അവൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതു് സ്വന്തമായ പ്രസാദവരപ്രാപ്തിക്കും മഹത്വത്തിനുമായിമാത്രമല്ല, പിന്നെയോ, പ്രസാദവരത്തിൻേറയും മഹത്വത്തിൻേറയും പദ്ധതിതന്നെ ലോകത്തിൽ അവതരിപ്പിക്കുവാനാണു്. ഇവയെല്ലാം പരിഗണിക്കുമ്പോൾ അവളുടെ സ്ഥാനൌന്നത്യവും മഹത്വവും എത്ര നിസ്തുലമാണെന്നു ഗ്രഹിക്കാം.

മുൻകൂട്ടിയുള്ള അവളുടെ തിരഞ്ഞെടുപ്പ് ദിവ്യരക്ഷകനുമായുള്ള അവളുടെ അഭേദ്യബന്ധത്തേയും പ്രസ്പഷ്ടമാക്കുന്നുണ്ട്. ഈ ബന്ധം അനന്യസാധാരണമത്രേ. ത്രീയേക ദൈവത്തിലുള്ള ക്രിസ്തുവിൻെറ ഉപസ്ഥിതി (hypostatic union) ഒഴിച്ചാൽ, ദൈവമാതൃത്വത്തെക്കാൾ വിശിഷ്ടമായ ഒരു സ്ഥാനം സൃഷ്ടമണ്ഡലത്തിൽ കാണുക സാധ്യമല്ല. ദൈവത്തിനു മറിയത്തോടുള്ള പ്രത്യേക വാത്സല്യം നിമിത്തം അവിടുന്നു അവൾക്കു നൽകിയ ഒരു ഇഷ്ടദാനമായിരുന്നു ഈ തിരഞ്ഞെടുപ്പ്. ഇങ്ങനെ ദൈവമാതാവാകുവാൻ താൻ മുൻനിശ്ചയം ചെയ്ത കന്യകയെ സൎവ്വവിധേനയും അതിനു യോഗ്യയാക്കിത്തീൎക്കുന്നതിനു്, ഒരു സൃഷ്ടിക്കു സ്വീകരിക്കുവാൻ പാടുള്ള സകല വിധ വരപ്രസാദങ്ങളും ദാനങ്ങളും അവിടുന്നു അവൾക്കു പ്രദാനം ചെയ്തു.

ഇപ്പറഞ്ഞവയിൽ നിന്നെല്ലാം നമുക്കു മനസ്സിലാക്കാം, കന്യകാമറിയം ആദ്യം ദൈവമാതൃസ്ഥാനത്തിനും, അതിൻെറ അവശ്യഫലമായി സ്വൎഗ്ഗീയ മഹത്വത്തിൻെറ അത്യുന്നത പദവിക്കും പ്രസാദവര

പൂൎണ്ണതക്കമായി മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടുവെന്നു്. എന്നാൽ ഇതുകൊണ്ടു് മറിയം സ്വൎഗ്ഗത്തെ അൎഹിച്ചി ല്ലെന്നു ധരിക്കരുതു്. പ്രത്യുത, അവൾ മററു നീതിമാന്മാരെപ്പോലെ, സ്വന്ത യോഗ്യതകളാൽതന്നെ സ്വൎഗ്ഗത്തെ അവകാശമാക്കുവാനാണു് മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ടതു്.

## II

## മറിയത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ

ലോകരക്ഷകനായ ക്രിസ്തുവിനെപ്പററി പല പ്രവചനങ്ങളും പ്രതിരൂപങ്ങളും പഴയനിയമത്തിൽ നാം കാണുന്നതാണു്. എന്നാൽ മനുഷ്യാവതാരം ചെയ്ത ഈശോ ദൈവകുമാരനോടുള്ള അഭേദ്യബന്ധം നിമിത്തം മറിയത്തെക്കുറിച്ചുള്ള സൂചനകളും അവ ഉൾക്കൊള്ളുന്നുണ്ടു്.

വി. വിൻസെൻറു ഫെറർ പറയുന്നു: "വിശുദ്ധ ഗ്രന്ഥത്തിൻെറ ഓരോ പുസ്തകത്തിലും പരിശുദ്ധ കന്യകാമറിയം നിഗൂഢമായി സ്ഥിതി ചെയ്യുന്നുണ്ടെന്നു പറയാം. കാരണം, അവളെക്കുറിച്ചു പ്രത്യക്ഷമായോ പരോക്ഷമായോ അവയിൽ ഓരോന്നിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്."

ലോകരക്ഷകനായ മിശിഹായുടെ മാതാവായും പിശാചിൻെറ അജയ്യ ശത്രുവായും മറിയത്തെ, വേദപുസ്തകത്തിൻെറ ആദ്യതാളുകളിൽതന്നെ നാം ദൎശിക്കും. ആദിമ മനുഷ്യനെ പാപത്തിനു പ്രേരിപ്പിച്ച സൎപ്പത്തിൻെറമേൽ ശാപവാക്കുകൾ ഉച്ചരിച്ചുകൊണ്ടു് ദൈവം അരുളിച്ചെയ്തു: "നീയും സ്ത്രീയും തമ്മിലും, നിൻെറ സന്തതിയും അവളുടെ സന്തതിയും തമ്മിലും

ഞാൻ ശത്രുത ഉളവാക്കും; അവൾ നിന്റെ തലയെ തകർക്കും; നീ അവളുടെ പാദങ്ങളിൽ കാത്തുകിടക്കുകയും ചെയ്യും" (സൃഷ്ടി: III, 15). സർപ്പവേഷധാരിയായ സാത്താന്റെ ശത്രു ഈശോമിശിഹായാണല്ലോ. ആകയാൽ ആ സന്തതിയുടെ– ഈശോയുടെ– മാതാവായ മറിയമാണു ഈ വേദവാക്യം സൂചിപ്പിക്കുന്ന സ്ത്രീ.

മറിയത്തിന്റെ കന്യകാമാതൃത്വത്തെക്കുറിച്ചും വേദപുസ്തകം നമ്മെ മുൻകൂട്ടി അനുസ്മരിപ്പിക്കുന്നുണ്ടു്. ഏശയ്യാ ദീർഘദർശി ഇപ്രകാരം പറയുന്നു: "അതുകൊണ്ടു്, കർത്താവുതന്നെ നിങ്ങൾക്കു ഒരടയാളം തരും: ഇതാ ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും: അവൻ എമ്മാനുവേൽ എന്നു വിളിക്കപ്പെടും." (ഏശയ്യാ: VII, 14)

മിശിഹായുടെ ജനനത്തിനു എഴുനൂറു കൊല്ലങ്ങൾക്കു മുമ്പു് പ്രവചിക്കപ്പെട്ട ഈ സത്യം എപ്രകാരം പൂർത്തിയായി എന്നു് സുവിശേഷകനായ വി. മത്തായി പ്രസ്താവിക്കുന്നുണ്ടു്: "ഇതാ! ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും, ദൈവം നമ്മോടുകൂടെ എന്നർത്ഥമായ അമ്മനുഏൽ എന്നു അവനു പേർ വിളിക്കും എന്നു് പ്രവാചകൻ മൂലം കർത്താവിനാൽ അരുളിച്ചെയ്യപ്പെട്ടതു നിവൃത്തിയാകേണ്ടതിനു് ആയിരുന്നു." (വി. മത്തായി I, 22–23)

ജറമിയാസു് ദീർഘദർശി, മറിയം ധൈര്യശാലിനിയായ ഒരു സ്ത്രീരത്നമായിരിക്കുമെന്നു പ്രവചിച്ചിരിക്കുന്നു: "എന്തുകൊണ്ടെന്നാൽ കർത്താവു ഭൂമിയിൽ ഒരു പുതിയ കാര്യം ചെയ്തു. ഒരു സ്ത്രീ പുരുഷനെ പരിവേഷണം ചെയ്യും." (ജറമ്യാ: xxxi, 22)

വീണ്ടും, പരിശുദ്ധ കന്യകാമറിയം എവിടെ വച്ചു് രാജാധിരാജനെ പ്രസവിക്കുമെന്ന അപ്രധാന കാര്യംപോലും മിഖെയാസു് പ്രവാചകനിൽനിന്നു

നമുക്കു ഗ്രഹിക്കാം: "അല്ലയോ, ബത്ലഹേം ആയ എഫ്റാത്താ, നീ യൂദായിലെ സഹസ്രങ്ങളിൽ ചെറിയതാകുന്നു. ഇസ്രായേലിനെ ഭരിക്കുവാനുള്ളവൻ നിന്നിൽ നിന്നും എന്റെ പക്കലേക്കു വരും." (മിക്കെയാ: V, 2).

# III

## മറിയത്തിന്റെ പ്രതിരൂപങ്ങൾ

### A) മറിയത്തിന്റെ പ്രതിരൂപങ്ങളായ വ്യക്തികൾ

ഈശോമിശിഹായുടെ വരവിനു മുൻപ് ലോകത്തിൽ ജീവിച്ചിരുന്ന വിശുദ്ധന്മാർ അവിടുത്തെ പ്രതിരൂപങ്ങളായിരുന്നുവെന്നു നമുക്കറിയാം. ആബേൽ കർത്താവിന്റെ കുററമില്ലായ്മയേയും, യോബ് അവിടുത്തെ ക്ഷമയേയും, മെൽക്കീസദേക്ക് അവിടുത്തെ പൗരോഹിത്യത്തേയും, ഇസ്സഹാക്കു അവിടുത്തെ മരണത്തേയും, യോനാസ് അവിടുത്തെ കബറടക്കത്തേയും ഉയർപ്പിനേയും, മൂശ അവിടുത്തെ ശുശ്രൂഷയേയും, ശെംശോൻ അവിടുത്തെ ശക്തിയേയും, ദാവീദ് അവിടുത്തെ രാജത്വത്തേയും, ശ്ലേമോൻ അവിടുത്തെ ബോധജ്ഞാനത്തേയും പ്രത്യക്ഷപ്പെടുത്തി. അതുകയാൽ, ഇസ്രായേലിലെ വീരവനിതകളിൽ അവിടുത്തെ തിരുമാതാവിന്റെ പ്രതിരൂപങ്ങൾ കാണുന്നതിൽ നമുക്കു അത്ഭുതത്തിനവകാശമില്ല. എന്നാൽ വി. തോമ്മാമല്ലാൻ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, നാം ഒരു പ്രതിരൂപത്തെപ്പററി ചിന്തിക്കുമ്പോൾ ഏതെങ്കിലുമൊരു കാര്യത്തിലുള്ള സാമ്യംമാത്രം നോക്കുകയും പല വ്യത്യാസങ്ങൾ കാണുന്നതിൽ ആശ്ചര്യപ്പെടാതിരിക്കുകയും വേണം.

1. ഹവ്വാ. മാതൃത്വത്തിൽ ഹവ്വാ മറിയത്തിൻെറ പ്രതിരൂപമാകുന്നു. സ്വാഭാവിക ക്രമത്തിൽ ഹവ്വാ നമ്മുടെയെല്ലാം മാതാവായിരിക്കുന്നതുപോലെ, സ്വഭാവത്തിനു അതീതമായ ക്രമത്തിൽ, മറിയം ഹവ്വായുടെ പാപത്തെ പരിഹരിച്ചു വീണ്ടെടുക്കപ്പെട്ടവരുടെ മാതാവായിത്തീർന്നു.

2. സാറാ, തൻെറ വാൎദ്ധക്യത്തിൽ സാറാ അത്ഭുതകരമായി ഇസഹാക്കിനെ ഗർഭം ധരിച്ചു. ഈ ഇസഹാക്ക ബലിപീഠത്തിന്മേൽ ബന്ധിതനായി കിടന്നതുമൂലം ക്രൂശിതനായ നമ്മുടെ കർത്താവിൻെറ പ്രതിരൂപമായിത്തീർന്നു. ആകയാൽ, ഇസഹാക്കിൻെറ മാതാവിൽ മിശിഹായുടെ മാതാവിൻെറ ഒരു പ്രതിരൂപം നാം കണ്ടെത്തുന്നു.

3. റബേക്കാ. "അവൾ ഏററം അഴകുള്ള ഒരു യുവതിയും, സുന്ദരിയായ ഒരു കന്യകയും, പുരുഷനെ അറിഞ്ഞിട്ടില്ലാത്തവളുമായിരുന്നു" (സൃഷ്ടി: xxiv, 16) എന്ന് റബേക്കായെപ്പററി നാം വായിക്കുന്നു. മറിയം, പരിശുദ്ധാരൂപിയുടെ മണവാട്ടിയായിത്തീരാൻ ഒരുക്കപ്പെട്ടിരുന്നതുപോലെ, ദൈവപരിപാലനയിൽ റബേക്കാ ഇസഹാക്കിൻെറ പ്രേയസിയായിത്തീരാൻ ഒരുക്കപ്പെട്ടിരുന്നു.

4. റാഖേൽ. a) യാക്കോബിൻെറ ഹൃദയത്തെ റാഖേൽ കവർന്നതുപോലെ, മറിയം ദൈവത്തിൻെറ ഹൃദയത്തെ വശഗതമാക്കി. b) റാഖേലിൻെറ പുത്രനായ പുണ്യയൌസേപ്പ് സ്വസഹോദരന്മാരാൽ വില്ക്കപ്പെട്ടുവെങ്കിലും അവസാനം വലിയ മഹത്വം പ്രാപിച്ച് ഇസ്രായേലിൻെറ രക്ഷകനായി ഭവിച്ചതുപോലെ മറിയത്തിൻെറ തിരുസ്സുതനും സ്വജനങ്ങ

ളാൽ പീഡിപ്പിക്കപ്പെട്ടുവെങ്കിലും മഹത്വപൂർണ്ണനായി ലോകപരിത്രാണം നിർവ്വഹിച്ചു. c) റാഖേൽ യൌസേപ്പിനെ പ്രസവിച്ചപ്പോൾ സന്തോഷിച്ചു. എന്നാൽ ബെഞ്ചമിനെ പ്രസവിച്ചപ്പോൾ ദുഃഖിച്ചു. അതുപോലെതന്നെ, വേദനക്കൂടാതെയുള്ള മിശിഹായുടെ ജനനത്തിൽ മറിയം സന്തോഷിച്ചു, എന്നാൽ അവൾ നമ്മുടെ എല്ലാവരുടേയും മാതാവായിത്തീർന്നതു വലിയ ദുഃഖത്തിലാണ്.

5. മറിയം. മൂശയുടേയും അഹറോന്റേയും സഹോദരിയായ മറിയം, മററു സ്ത്രീകളോടുകൂടി "തപ്പുകളും മദ്ദളങ്ങളും" മുഴക്കിക്കൊണ്ടു് ഇസ്രായേൽ ജനങ്ങളുടെ മദ്ധ്യേ വാഗ്ദാനത്തിന്റെ ദേശത്തേക്കുപോയി. അതുപോലെ മനുഷ്യാവതാരം ചെയ്ത ദൈവസുതനെ തന്റെ ഉദരത്തിൽ സംവഹിച്ചിരിക്കെ മറിയം "എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു" എന്ന 'മരിയ ഗീതി' ആലപിച്ചു.

6. ദെബോറാ. ലപ്പിദോത്തിന്റെ ഭാര്യയായ ദെബോറാ ഒരു ദീർഘദർശിനി ആയിരുന്നു. അക്കാലത്തു ജനങ്ങളെ വിധിച്ചിരുന്നതു അവളത്രേ. മേലാൽ ഒരിക്കലും തലപൊക്കാത്തവണ്ണം അവൾ ശത്രുക്കളുടെ വിജയത്തിനു വിരാമമിട്ടു. "ദബോറാ എഴുന്നേൽക്കുന്നതു വരെ, ഇസ്രായേലിന്റെ മാതാവു എഴുന്നേൽക്കുന്നതു വരെ" (സൂമിത്തു് V, 7) ഇപ്രകാരംതന്നെ മറിയം, പിശാചിന്റെ ജയത്തിനു എന്നന്നേക്കുമായി വിരാമമിട്ടു.

7. ജായേൽ. ഈ ധീരവനിത, ഇസ്രായേൽ ജനങ്ങളുടെ ശത്രുവായിരുന്ന സിസറായുടെ ശിരസ്സിൽ ചുററികകൊണ്ടടിക്കുകയും ആണി അടിച്ചുകയററുകയും, അങ്ങനെ ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്തു.

ഇപ്രകാരംതന്നെ മറിയം സാത്താൻെറ തലയെ അതികഠിനമായി മർദ്ദിച്ച് അവനെ പരാജയപ്പെടുത്തി.

8. റൂത്ത്. മൊവാബ്യകാരിയായ റൂത്ത്, തൻെറ അമ്മായിയമ്മയായ നൊവേമിയെ അനുഗമിച്ച് ബെത്ലഹമിൽ വന്നുചേൎന്നു. പിൽക്കാലത്ത് ബെത്ലഹമിലേക്കു അവിസ്മരണീയമായ ഒരു യാത്രകഴിച്ച കന്യകാമറിയത്തെ ഈ സംഭവം അനുസ്മരിപ്പിക്കുന്നു. കൂടാതെ, ബൊവാസെന്ന ധനികനു റൂത്തിൻെറമേൽ പ്രസാദമുണ്ടായി. റൂത്ത് അയാളെ വണങ്ങി, താൻ അയാളുടെ ദാസിയാണെന്ന് ഏററു പറഞ്ഞു. ഇപ്രകാരം, പരിശുദ്ധ കന്യക, താൻ ദൈവത്തിൻെറ ദാസിയാകുന്നുവെന്നു പറഞ്ഞുകൊണ്ടു് അവിടുത്തെ വണങ്ങുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

9. അബിഗേൽ. നാബാലിൻെറ ഭാൎയ്യയായിരുന്ന അബിഗേൽ വളരെ വിവേകവതിയും വിനയശാലിനിയുമായിരുന്നു. തൻെറ ഭർത്താവ് ദാവീദുരാജാവിൻെറ കോപത്തിനു പാത്രമായപ്പോൾ അബിഗേൽ വിവേകപൂർവ്വം ദാവീദിൻെറ പക്കൽ ചെന്നു ഭർത്താവിനുവേണ്ടി മാദ്ധ്യസ്ഥം യാചിച്ചു. ഇപ്രകാരം മറിയം, ദൈവകോപത്തിനു പാത്രമായ മനുഷ്യവർഗ്ഗത്തിനുവേണ്ടി അവിടുത്തെ പക്കൽ മാധ്യസ്ഥം അപേക്ഷിക്കുകയും അങ്ങനെ മനുഷ്യർക്കെതിരായുള്ള ദൈവകോപത്തെ ശമിപ്പിക്കുകയും ചെയ്യുന്നു.

10. ബെത്സാബി. ജ്ഞാനിയായ ശ്ലേമോൻെറ മാതാവായ ബെത്സാബി, തൻെറ പുത്രൻെറ സമീപേതന്നെ ഒരു മനോഹര സിംഹാസനത്തിൽ ആസനസ്ഥയാവുകയും, പുത്രൻെറ മഹത്വത്തിലും വല്ലഭത്വത്തിലും ഭാഗഭാക്കാവുകയും ചെയ്തു. അതുപോലെ, ദൈവത്തിൻേറയും നമ്മുടെയും അമ്മയായ പരിശുദ്ധ കന്യകാമറിയം ഇപ്പോൾ സ്വർഗ്ഗത്തിൽ തൻെറ പുത്ര

ൻെറ വലത്തുഭാഗത്തു രാജ്ഞിയായി അവിടത്തെ മഹത്വത്തിലും വല്ലഭത്വത്തിലും ഭാഗഭാക്കാകുന്നു.

11. യൂദിത്ത്. a) യൂദിത്ത്, ഇസ്രായേൽ ജനതയെ ആക്രമിച്ചു കീഴടക്കുവാൻ ഒരുമ്പെട്ട ഹോളൊഫെർണസിന്റെ കൂടാരത്തിൽ പ്രവേശിച്ച് അയാളുടെ ശിരസ്സു ഛേദിച്ചുകളഞ്ഞു. ഇങ്ങനെ തന്റെ ധൈര്യംനിമിത്തം അവൾ മറിയത്തിന്റെ പ്രതിരൂപമായിത്തീർന്നു. b) ഇസ്രായേൽ ജനമെല്ലാം അവളെ സ്തുതിച്ചുകൊണ്ടാടി. അതുപോലെ, മറിയത്തെയും അനേകം തലമുറകൾ ഭാഗ്യവതിയെന്നു പാടിപ്പുകഴ്ത്തുന്നു.

12. എസ്റ്റേർ. ശാപഗ്രസ്ഥമായ സ്വജനത്തിനുവേണ്ടി എസ്റ്റേർ രാജാവിന്റെ പക്കൽ മാദ്ധ്യസ്ഥം യാചിച്ചതുപോലെ, മറിയം പാപികളായ മനുഷ്യർക്കുവേണ്ടി രാജാക്കളുടെ രാജാവിന്റെ പക്കൽ മാദ്ധ്യസ്ഥം വഹിക്കുന്നു. എസ്റ്റേറിനു രാജാവു തന്റെ ചെങ്കോൽ കൊടുത്തതുപോലെ, മറിയത്തിനും അധികാരത്തിന്റെ ചെങ്കോൽ നൽകപ്പെട്ടിരിക്കുന്നു. "ഈ നിയമം നിനക്കുവേണ്ടിയല്ല, മററുള്ളവർക്കുവേണ്ടിയാണു നിർമ്മിക്കപ്പെട്ടിരിക്കുന്നതു" എന്നു രാജാവ്, തന്നെ സമീപിക്കുന്നതിനു മടിച്ച എസ്റ്റേറിനോടു പറഞ്ഞതുപോലെ, ഭയംകൂടാതെ ദൈവത്തിൻ പക്കലേക്കു പോകുന്നതിനു തടസ്സമായി നില്ക്കുന്ന പാപത്തിന്റെ നിയമത്തിൽനിന്നു മറിയത്തെ ദൈവം ഒഴിവാക്കിയിരിക്കുന്നു.

13. മക്കബായരുടെ അമ്മ. ഈ ധീര വനിത, തന്റെ ഏഴു മക്കളേയും മതവിരോധികൾ പീഡിപ്പിക്കുന്നതും വധിക്കുന്നതും കണ്ടുകൊണ്ടുനിന്നു. ഇപ്രകാരം തന്നെ, മറിയവും വ്യാകുലവാളാൽ പിളർക്കപ്പെട്ട ഒരു ഹൃദയത്തോടെ തന്റെ തിരുസ്സുതന്റെ മരണക്കിടക്ക

യായ ക്രൂശിൻ ചുവട്ടിൽ, അവിടുന്നു മരിക്കുന്നതു കണ്ടു കൊണ്ടു നില്ക്കുകയും, ആ തിരുമരണത്തെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി സമർപ്പിക്കുകയും ചെയ്തു.

## B) മറിയത്തിന്റെ പ്രതിരൂപങ്ങളായ വസ്തുക്കൾ

പരിശുദ്ധ കന്യകയെ, പ്രത്യേകിച്ചു അവിടുത്തെ കന്യാത്വത്തെ സൂചിപ്പിക്കുന്ന പല പ്രതിരൂപവസ്തുക്കളും നാം പഴയനിയമത്തിൽ കണ്ടെത്തും.

1. ഏദൻതോട്ടം. ഏദൻ എന്ന വാക്കിന്റെ അർത്ഥം കൃഷിചെയ്യപ്പെടാത്ത ഭൂമിയെന്നാണ്. ഈ കന്യകാഭൂമി പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു പ്രതിരൂപമാകുന്നു. എന്തുകൊണ്ടെന്നാൽ, ആ സ്ഥലം യാതൊരു വിത്തും കൂടാതെ പറുദീസായെ ഉത്ഭവിപ്പിച്ചതുപോലെ, മറിയം, പുരുഷനെ അറിയാതെതന്നെ, നമുക്കുവേണ്ടി മിശിഹായെ ഉത്ഭവിപ്പിച്ചു.

2. ഉണങ്ങിയ ഭൂമി. ഏശയ്യായുടെ പുസ്തകം 43–ാം അദ്ധ്യായം 2–ാം വാക്യത്തിൽ വായിക്കുന്ന ഉണങ്ങിയ ഭൂമി മാതാവിന്റെ സാദൃശ്യമാകുന്നു. "അയാൾ അവിടുത്തെ മുൻപിൽ മൃദുലമായ ഒരു ചെടിപോലെയും, ഉണങ്ങിയ ഭൂമിയിൽനിന്നു വരുന്ന ഒരു വേരുപോലെയും വളരും" വി. അപ്രേം ഇതിനെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു: "അവിടുന്നു ഉണങ്ങിയ ഭൂമിയായ മറിയത്തിന്റെമേൽ മഞ്ഞു വർഷിച്ചു."

3. കത്തിയെരിയുന്ന മുൾപ്പടർപ്പ്. "ഒരു മുൾപ്പടർപ്പിന്റെ മദ്ധ്യത്തിൽ, ഒരു തീജ്വാലയിൽ കർത്താവു മൂശെക്കു കാണപ്പെട്ടു: മുൾപ്പടർപ്പു കത്തിയെരിഞ്ഞ

ങ്കിലും അതു ദഹിച്ചില്ലെന്നു അയാൾ കണ്ടു." വി. അപ്രേം ഈ വാക്കുകളെ വ്യാഖ്യാനിക്കുന്നതിങ്ങനെയാണു്: "ഓ! ദാവീദിൻെറ പുത്രിയേ, അഗ്നിയിൽ മൂശ നിൻെറ സൗന്ദര്യത്തിൻെറ സാദൃശ്യം കണ്ടു. നന്മനിറഞ്ഞ ദൈവമാതാവേ, നിൻെറ ഉദരത്തിൽ തീജ്വാല വസിച്ചു, എന്നാൽ നീ ദഹിച്ചില്ല."

4. അഹറോൻെറ പുഷ്പിച്ച വടി. ഓറശ്ലമത്തെ വി. സിറിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "അങ്ങു് അഹറോൻെറ പുഷ്പിക്കുന്ന വടിയാകുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു വടിയും അങ്ങയുടെ മകൻ പുഷ്പവുമാകുന്നു."

5. ഗെദയോൻെറ ആട്ടിൻതോൽ. വി. അപ്രേം പ്രസ്താവിക്കുന്നു. "ഗെദയോൻെറ ആട്ടിൻതോലിന്മേൽ ആകാശത്തിൽനിന്നു മഞ്ഞുവീണതുകൊണ്ടു് അതു പരിശുദ്ധ കന്യകയുടെ ഒരു പൂർവ്വ രൂപമായിരുന്നു. എന്തുകൊണ്ടെന്നാൽ ഈ കന്യകയിൽ വചനം മാംസമായി."

6. കർത്താവിനെ ഈജിപ്തിലേക്കു സംവഹിച്ച മേഘം. "കണ്ടാലും, കർത്താവു ഘനമില്ലാത്ത ഒരു മേഘത്തിൽ കയറുകയും, ഈജിപ്തിൽ പ്രവേശിക്കുകയും ചെയ്യും. അവിടുത്തെ സാന്നിധ്യത്തിൽ ഈജിപ്തിലെ വിഗ്രഹങ്ങൾ ഇളകുകയും ഈജിപ്തിൻെറ ഹൃദയം അതിൻെറ മദ്ധ്യത്തിൽ ഉരുകുകയും ചെയ്യും." (ഏശയ്യാ: xix, i) ഈ വാക്കുകളെ വ്യാഖ്യാനിച്ചുകൊണ്ടു വി. അപ്രേം എഴുതുന്നു: "മനുഷ്യനായി ലോകത്തിൽ അവതരിച്ചപ്പോൾ ഒരു ഘനം കുറഞ്ഞ മേഘത്തിന്മേൽ എന്നപോലെ കന്യകയുടെ കരങ്ങളിൽ ഈജിപ്തിലേക്കു കൊണ്ടുപോകപ്പെട്ട കർത്താവിനെ സൂചിപ്പിക്കുന്നു."

7. ഈസായിയുടെ വേരിൽനിന്നുള്ള വടി. വി. അംബ്രോസ് എഴുതിയിരിക്കുന്നതിങ്ങനെയാണ്: "'ഈസായിയുടെ വേരിൽനിന്ന ഒരു വടി പുറപ്പെട്ടും, അയാളുടെ വേരിൽനിന്ന് ഒരു പുഷ്പം പുറപ്പെട്ടും,' എന്തുകൊണ്ടെന്നാൽ, വേര് യഹൂദന്മാരുടെ ഗോത്രമാകുന്നു. വടി മറിയവും, പുഷ്പം മറിയത്തിന്റെ തിരുസ്സുതനായ ഈശോമിശിഹായുമത്രേ."

8. വാഗ്ദാനത്തിന്റെ പെട്ടകം. സഭ, മറിയത്തെ വാഗ്ദാനത്തിന്റെ പെട്ടകമെന്നു വിളിക്കുന്നു. ഇതു യുക്തിപൂർവ്വമാകുന്നു; എന്തുകൊണ്ടെന്നാൽ, വില പിടിച്ചതും ദ്രവിച്ചുപോകാത്തതുമായ തടികൾകൊണ്ടു നിർമ്മിക്കപ്പെട്ടതും, നിയമം എഴുതിയ പലകകളും മരുഭൂമിയിലെ മന്നായും അടങ്ങിയിരുന്നതും, ദൈവത്തിന്റെ വാസസ്ഥാനവും, ഇസ്രായേൽ ജനത്തിന്റെ രക്ഷയായി ഗണിക്കപ്പെട്ടിരുന്നതുമായ വാഗ്ദാനത്തിന്റെ പെട്ടകം, നിർമ്മലയും പരിശുദ്ധയുമായവളും, ആകാശത്തിൽനിന്നുവന്ന ജീവനുള്ള അപ്പവും, ദിവ്യനിയമകർത്താവുമായ മിശിഹായെ തന്റെ ഉദരത്തിൽ വഹിച്ചവളും, ദൈവത്വത്തിന്റെ സക്രാരിയും, ക്രിസ്തീയ ജനതയുടെ രക്ഷയും ആയ പരിശുദ്ധ കന്യകയെപ്പറ്റി നമ്മെ അനുസ്മരിപ്പിക്കുന്നു.

9. കിഴക്കേ പടിവാതൽ. എസക്കിയേൽ ദീർഘദർശിയോടു ദൈവം പറഞ്ഞതായ ഈ 'കിഴക്കേ പടിവാതിൽ' അടയ്ക്കപ്പെട്ടിരിക്കും, അതു തുറക്കപ്പെടുകയില്ല. "എന്തുകൊണ്ടെന്നാൽ, ഇസ്രായേലിന്റെ ദൈവമായ കർത്താവ് അതിൽക്കൂടി അകത്തു പ്രവേശിച്ചിരിക്കുന്നു; അതു രാജകുമാരനുവേണ്ടി അടച്ചിടപ്പെടും" (എസക്കിയേൽ: 44, 1–3) വി. അംബ്രോസ് മെല്ലാൻ പറയുന്നു: "ഈ പടിവാതിൽ മറിയമല്ലാതെ മറ്റാരാണ്?

അതു അടയ്ക്കപ്പെട്ടു; എന്തുകൊണ്ടെന്നാൽ മറിയം ഒരു കന്യകയായിരുന്നു. മിശിഹാ ലോകത്തിലേക്കു വന്ന പടിവാതിലാകുന്നു മറിയം."

10. നോഹിന്റെ കപ്പൽ. സഭയുടെ പ്രതിരൂപമായ നോഹിന്റെ കപ്പൽ, മറിയത്തിന്റേയും പ്രതിരൂപമായി ഗണിക്കപ്പെടാം. രണ്ടു കാര്യത്തിൽ കപ്പൽ മറിയത്തിന്റെ സാദൃശ്യമാകാം. വി. പ്രോക്ലുസു പ്രസ്താവിക്കുന്നു: "നോഹ് കേടുവരാത്ത തടികൾകൊണ്ടു തന്റെ കപ്പൽ നിർമ്മിച്ചു; എന്നാൽ ആത്മീയ നോഹായ മിശിഹാ കറയില്ലാത്ത മറിയത്തിൽനിന്നു തന്റെ ശരീരമാകുന്ന പെട്ടകം ഉരുവാക്കി." രണ്ടാമത്തെ തരത്തിലുള്ള സാദൃശ്യം വി. അപ്രേമിന്റെ വാക്കുകളിൽനിന്നു നമുക്കു ഗ്രഹിക്കാം: "പാപമാകുന്ന വെള്ളപ്പൊക്കത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുന്ന പരിശുദ്ധ പെട്ടകമായ ഓ! മറിയമേ"

11. സീനൈമല. ദൈവത്തിനു ഇഷ്ടപ്പെട്ട ഈ വിശുദ്ധ മലയിൽ വച്ച് അവിടുന്നു മൂശക്കു പ്രത്യക്ഷനായി. അതുപോലെതന്നെ, സീനൈമലയെക്കാൾ പതിന്മടങ്ങു പരിശുദ്ധവും ദൈവത്തിനു സംപ്രീതിജനകവുമായ കന്യാകാമറിയംവഴി ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തു.

12. യാക്കോബിന്റെ കോവണി. ഈ കോവണി സ്വർഗ്ഗത്തിലെത്തുന്നതായിരുന്നു. മറിയം ഒരു സ്വർഗ്ഗീയ കോവണിയായിത്തീർന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവൾവഴി മനുഷ്യരെ സ്വർഗ്ഗത്തിലെത്തുന്നതിനു യോഗ്യരാക്കുവാനായി ദൈവം അവൾവഴി ഭൂതലത്തിലേക്കു ഇറങ്ങിവന്നു.

13. വിശുദ്ധ സ്ഥലം. വി. യാക്കോബു സ്വപ്നത്തിൽ കണ്ട ഈ വിശുദ്ധ സ്ഥലത്തെ ദർശിച്ചുകൊണ്ടു

പറഞ്ഞു: "കർത്താവു സാക്ഷാൽ ഈ സ്ഥലത്തുണ്ട്; ഞാനോ എന്നാൽ അതു ഗ്രഹിച്ചില്ല. ഭയാനകമായ ഈ സ്ഥലം ദൈവത്തിൻെറ ആലയവും സ്വർഗ്ഗത്തിൻെറ വാതിലുമായ മറിയത്തെയത്രേ സൂചിപ്പിക്കുന്നത്.

ഇനിയും അനേകം പ്രതിരൂപങ്ങളും പ്രതിഛായകളും വേദപുസ്തകപക്ഷങ്ങളിൽ, മറിയത്തെക്കുറിച്ചു നാം കണ്ടെത്തുന്നതാണ്. നോഹിൻെറ പെട്ടകത്തിൽ നിന്നു പറന്നുപോയ മാടപ്രാവ് മറിയം ദൈവത്തിനു സമാധാന സന്ദേശവാഹിനിയായിരിക്കുന്നു എന്നതിനേയും, ദാവീദിൻെറ കോട്ട അവളുടെ ധൈര്യത്തേയും, മുള്ളുകളുടെ ഇടയിലേ ലില്ലിപുഷ്പം അവളുടെ കറയില്ലാത്ത കന്യാത്വത്തേയും, മതിലിനാൽ ചുററപ്പെട്ടതും മുദ്രവയ്ക്കപ്പെട്ടതുമായ തോട്ടം അവളുടെ കന്യകാമാതൃത്വത്തേയും, സിയോൺ നഗരം അവളുടെ വിശുദ്ധിയേയും, ബേത്ലഹം നഗരം അവൾ ജീവനുള്ള അപ്പമായ മിശിഹായെ തൻെറ ഉദരത്തിൽ വഹിച്ചതിനേയും സാദൃശീകരിക്കുന്നു.

വി. ആൻസലമിൻെറ വാക്കുകളിൽ നമുക്കു ഈ ഭാഗം ഉപസംഹരിക്കാം "പരിശുദ്ധ കന്യകാമറിയമേ! നീ സകല വർഗ്ഗത്തിലും പ്രായത്തിലും, ഗോത്രത്തിലും, ജനപദങ്ങളിലും വച്ച് മഹത്വപൂർണ്ണയാകുന്നു. നീ ആകാശമണ്ഡലത്തിലേ ചന്ദ്രികയാകുന്നു; അന്ധകാരനിബിഡമായ ഭൂതലത്തിലേ വെള്ളിവിളക്കാകുന്നു; പറുദീസായിലേ ജീവൻെറ വൃക്ഷമാകുന്നു."

## IV

## മറിയത്തിൻെറ വംശാവലി

പരിശുദ്ധ കന്യകാമറിയത്തെ ദൈവമാതൃസ്ഥാനത്തേക്കു ദൈവം മുൻകൂട്ടി തിരഞ്ഞെടുത്തതിനെ

പ്പററി നാം ചിന്തിച്ചു. ഇനി ലോകത്തിലേക്കുള്ള അവളുടെ പ്രവേശനത്തിനു അവിടുന്നു എപ്രകാരം വഴിയൊരുക്കിയെന്നാണു പര്യാലോചിക്കേണ്ടതു്. കുലശ്രേഷ്ഠതയുള്ള മാതാപിതാക്കന്മാരിൽനിന്നു ജനിക്കുകയെന്നതു മനുഷ്യർ ഒരു മഹത്തായ കാര്യമായി കരുതുന്നു. അങ്ങനെയെങ്കിൽ, ദൈവം, സ്വമാതാവിനു വിശുദ്ധവും മഹത്തമവുമായ ഒരു വംശാവലിതന്നെ തിരഞ്ഞെടുത്തു എന്നു വേണം വിചാരിപ്പാൻ. ഏതു് ശ്രേഷ്ഠകുലമാണു അവിടുന്നു അവൾക്കായി തിരഞ്ഞെടുത്തതെന്നു നോക്കാം.

<u>1) മറിയം പിറക്കാനിരുന്ന ഗോത്രം.</u> തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻേറയും, അവരിൽതന്നെ പ്രത്യേകമായി അനേകം വ്യക്തികളുടേയും ഭാവിയെക്കുറിച്ചുള്ള ദൈവതിരുമനസ്സിൻെറ പ്രകടനമാണു വിശുദ്ധ ഗ്രന്ഥമെന്നു യഹൂദന്മാർ വിശ്വസിച്ചിരുന്നു. ഈ വിശ്വാസത്തെ പ്രത്യക്ഷമാക്കുമാറു് "എഴുതപ്പെട്ടിരിക്കുന്നു", "പ്രവാചകന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു" എന്നു തുടങ്ങിയ പ്രയോഗങ്ങളും നാം കാണുന്നുണ്ടു്. വ്യക്തികളുടെ ജീവിതത്തേയും ഇതര സംഭവങ്ങളേയും ദൈവം പ്രവാചകന്മാർവഴി അറിയിക്കുകയും തിരഞ്ഞെടുക്കപ്പെട്ട ജനത്തെ നയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്ന ഈ വിശ്വാസം നിമിത്തം, കുടുംബപാരമ്പര്യവും വംശാവലിയും അവരുടെ ഇടയിൽ പ്രത്യേകം പരിഗണനാർഹമായി ഭവിച്ചു. അപ്രകാരം, ഈശോമിശിഹായുടെ ആഗമനത്തിൻെറ ദിവസവും, സ്ഥലവും, വിധവുമെല്ലാം ഇസ്രായേൽ ജനത്തിനു നേരത്തെ അറിയിക്കപ്പെട്ടിരുന്നു. ഏശയ്യാ ദീർഘദർശി പ്രവചിച്ചുപറഞ്ഞിരിക്കുന്നതിങ്ങനെയാണു്: "ആകയാൽ ദാവീദിൻെറ ഭവനമേ കേട്ടാലും! എൻെറ ദൈവത്തെപ്പോലും മുഷിപ്പിക്കത്തക്കവിധം മനുഷ്യരെ പീഡിപ്പിക്കുന്നതു നിസ്സാരകാര്യമാണോ?

അതുകൊണ്ട്, കർത്താവു നിങ്ങൾക്കു ഒരടയാളം തരും: ഇതാ! ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും: അവൻ എമ്മാനുവൽ എന്നു വിളിക്കപ്പെടും." (ഏശയ്യാ vii, 13-14)

ഈ പ്രവചനത്തിൽനിന്നു സ്പഷ്ടമാണ് മിശിഹായുടെ മാതാവായ മറിയം ദാവീദിന്റെ രാജകീയ ഗോത്രത്തിൽ പിറക്കണമെന്നു മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നുവെന്ന്. ഇതിന്റെ യാഥാർത്ഥീകരണമാണ് മംഗലവാർത്താ വിവരണത്തിൽ നാം കാണുന്നതു്. "(ദൈവദൂതൻ), ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൗസേപ്പ് എന്നു പേരുള്ള ഒരു പുരുഷനോടു വിവാഹം ചെയ്യപ്പെട്ടിരുന്ന കന്യകയുടെ പക്കലേക്ക് അയക്കപ്പെട്ടു" (വി. ലൂക്കാ: i, 27) വീണ്ടും "യൗസേപ്പും, ദാവീദിന്റെ ഗോത്രത്തിലും വംശത്തിലും ഉള്ളവൻ ആയിരുന്നതുകൊണ്ട് ഗ്ലീലായിലെ പട്ടണമായ യൂദായിൽ ബേത്‌ലഹം എന്നു വിളിക്കപ്പെടുന്ന ദാവീദിന്റെ പട്ടണത്തിലേക്കു, പേരെഴുതിക്കേണ്ടതിനായി ഗർഭിണിയായ മറിയം എന്ന തന്റെ ഭാര്യയോടുകൂടി പോയി" (വി. ലൂക്കാ: ii, 4-5).

ഈ രണ്ടു വാക്യങ്ങളിലും, പ്രത്യക്ഷത്തിൽ വി. യൗസേപ്പിന്റെ വംശാവലിയെക്കുറിച്ചാണു സുവിശേഷകൻ പ്രസ്താവിച്ചുകാണുന്നതു്. എന്നാൽ യൗസേപ്പിന്റെ വംശാവലി മറിയത്തിന്റേംകൂടി വംശാവലിയായിരുന്നു. കാരണം, ഒരു യഹൂദ സ്ത്രീ സ്വന്ത ഗോത്രത്തിൽനിന്നു ഒരുവനെ ഭർത്താവായി സ്വീകരിച്ചുകൊള്ളണമെന്ന നിയമമുണ്ടായിരുന്നു. സംഖ്യാഗമത്തിൽ നാമിങ്ങനെ വായിക്കുന്നു: സ്ത്രീകളെല്ലാം തങ്ങളുടെ ഗോത്രത്തിൽനിന്നു ഭർത്താക്കന്മാരെ സ്വീകരിക്കണം, അവരുടെ ഗോത്രസ്വത്ത് സ്വഗോത്രങ്ങളിൽതന്നെ നിലനില്ക്കുവാൻ" (സംഖ്യ: 36, 8)

വീണ്ടും, മംഗലവാർത്ത അറിയിച്ച മാലാഖായുടെ വാക്കുകളിൽനിന്നും മറിയത്തിന്റെ വംശചരിത്രം സുവ്യക്തമായി മനസ്സിലാക്കാം. "ഇതാ! നീ ഗർഭം ധരിച്ച്, ഒരു പുത്രനെ പ്രസവിക്കും... അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും" (വി. ലൂക്കാ. i, 31-32) "നീ ഒരു പുത്രനെ പ്രസവിക്കും" എന്ന വാക്കുകളാൽ മാലാഖാ ഈശോയെ മറിയത്തിന്റെ സുതനായും; "അവന്റെ പിതാവായ ദാവീദിന്റെ"... എന്ന വാക്കുകളാൽ, ഈശോയെ ദാവീദിന്റെ വംശജനായും പ്രദർശിപ്പിക്കുന്നു. മറിയം ദാവീദിന്റെ ഗോത്രത്തിൽ പെട്ടവളായിരുന്നാൽ മാത്രമേ ഈ പ്രസ്താവം വാസ്തവമാകയുള്ളൂ- എന്നാൽ മാത്രമേ, ഈശോ ദാവീദിന്റെ വംശത്തിൽനിന്നുള്ളവനും മറിയത്തിന്റെ സുതനുമാകയുള്ളൂ.

**2) ദാവീദിന്റെ രാജകീയ ഗോത്രത്തിന്റെ മഹത്വം.** ദാവീദിന്റെ രാജകീയ വംശത്തിൽ വിശുദ്ധരും വീരരുമായ അനേകശതം പ്രശസ്തവ്യക്തികൾ ഉണ്ടായിട്ടുണ്ട്. മഹത്തായ ആ വംശാവലിയെ വി. മത്തായി ശ്ലീഹാ തന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നതിപ്രകാരമാണ്: "ആകയാൽ, ആകെ അബ്രാഹംമുതൽ ദാവീദുവരെ പതിന്നാലും, ദാവീദുമുതൽ ബാബേലിലേ അടിമത്തംവരെ പതിന്നാലും, ബാബേലിലേ അടിമത്തംമുതൽ മിശിഹാവരെ പതിന്നാലും തലമുറകൾ ആകുന്നു." (വി. മത്തായി. i, 17)

ഇത്ര മഹത്തായ പൂർവ്വിക പാരമ്പര്യമുള്ളതും, രാജകീയവും ദൈവികവുമായതുമായ ദാവീദിന്റെ വംശമല്ലാതെ മിശിഹാരാജന്റെ മാതാവിനായി തിരഞ്ഞെടുക്കുവാൻ വേറൊരു വംശമില്ലായിരുന്നുവെന്നു നമുക്കു ന്യായമായി ഊഹിക്കാം. ആ വംശവല്ലിയിലേ

നിൎമ്മലകുസുമമാണു പരിശുദ്ധ കന്യകാമറിയം. തന്റെ പൂൎവ്വികരായ സകല വിശുദ്ധാത്മാക്കളുടേയും ഗുണങ്ങൾ അവളിൽ അത്യുന്നതമായ ഒരളവിൽ വിളങ്ങി പ്രകാശിച്ചിരുന്നു. ഇസ്രായേലിന്റെ പിതാവായ അബ്രാഹം, തന്റെ നീതിയും വിരോചിതമായ അനുസരണവും മൂലം സൎവ്വശക്തന്റെ പ്രത്യേക വാത്സല്യത്തിനു പാത്രീഭൂതനായി. അതുപോലെതന്നെ, ഇസഹാക്ക യാക്കോബ്, യൗസേപ്പ്, ദാവീദ് തുടങ്ങിയവർ, ഒന്നല്ലെങ്കിൽ മറെറാരു വിധത്തിൽ, ഈശോമിശിഹായുടെ പ്രതിരൂപങ്ങളായിരുന്നു.

ഇങ്ങനെ, അനന്തരതലമുറകളുടെ അഭിമാനത്തിനും, അനുകരണത്തിനും, പ്രശംസക്കും പാത്രമാകുമാറു് പ്രതാപപൂൎണ്ണമായ ഒരു വംശാവലിയെ കെട്ടിപ്പടുത്ത അനേകം മഹാത്മാക്കളുടെ പിൻഗാമിയായിരുന്നു മറിയം.

3) മറിയത്തിന്റെ മാതാപിതാക്കൾ. “അവരെ അവരുടെ ഫലങ്ങളിൽനിന്നു് നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ” (വി. മത്തായി. vii, 16) അതിവിശുദ്ധവും വിമലവുമായിരുന്ന ഫലമെങ്കിൽ ആ ഫലത്തെ പുറപ്പെടുവിച്ച വൃക്ഷം സാക്ഷാൽ വിശുദ്ധവും, കറയററതുമായിരുന്നിരിക്കണം.

‘തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൽനിന്നായിരുന്നല്ലോ’ ലോകരക്ഷകൻ ഭൂജാതനാകാനിരുന്നതു്. തിരഞ്ഞെടുക്കപ്പെട്ടവരെങ്കിലും ഇസ്രായേലിൽ പലരും ദൈവത്തോടു അവിശ്വസ്തരായി വൎത്തിച്ചു. ലൗകായതികത്വം അവരെ പിടികൂടി. അവർ വിചാരിച്ചു മിശിഹാ പ്രതാപപൂൎണ്ണനായ ഒരു ഭൗമികരാജാവായി പ്രത്യക്ഷപ്പെടുമെന്നും, ഇസ്രായേലിന്റെ നഷ്ടപ്പെട്ട രാജ്യത്തെ വീണ്ടെടുക്കുമെന്നും.

ഇങ്ങനെ പലരും സത്യപന്ഥാവിൽനിന്നു വ്യതിചലിച്ചുപോയിരുന്നെങ്കിലും, രക്ഷകൻെറ വരവിനെ പ്രതീക്ഷിച്ചും പ്രാർത്ഥിച്ചും ദൈവസേവനത്തിൽ വിശ്വസ്തരായിരുന്ന നല്ലയാളുകളുമുണ്ടായിരുന്നു. ദൈവഭീതിയിൽ ജീവിച്ച ഇത്തരക്കാരുടെ മദ്ധ്യേനിന്നാണു്, ദൈവം തൻെറ പ്രിയ മാതാവിൻെറ മാതാപിതാക്കളായ യോവാക്കിമിനേയും അന്നായേയും തിരഞ്ഞെടുത്തതു്.

ഈ ദമ്പതികളുടെ ജന്മദേശത്തേയും മററു ജീവിതസാഹചര്യങ്ങളേയുംപററി ചരിത്രപരമായ യാതൊരു രേഖയും നമുക്കു ലഭിച്ചിട്ടില്ല. എന്നിരുന്നാലും വിശ്വസനീയമായ പാരമ്പര്യം പഠിപ്പിക്കുന്നതുപോലെ, അന്നാ ബേത്‌ലഹമിലേ ഒരു ഉന്നത കുടുംബത്തിലാണു ജനിച്ചതു്. അവളുടെ ജനനശേഷം, മാതാപിതാക്കന്മാർ നസ്രത്തിലേക്കു മാറിത്താമസിച്ചു. അന്നയുടെ ഭർത്താവായ യോവാക്കിം നസ്രത്തു സ്വദേശിയായിരുന്നു. വളരെക്കാലത്തേക്കു അവർക്കു സന്താനങ്ങളൊന്നും ഉണ്ടായില്ല. വന്ധ്യത്വം ഒരു മഹാ ദൌർഭാഗ്യമായിട്ടാണു യഹൂദന്മാർ പരിഗണിച്ചിരുന്നതു്. കാരണം, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ അപ്രകാരമുള്ള ദമ്പതികളിൽനിന്നു ജനിക്കയില്ലെന്നു വസ്തുതം സ്പഷ്ടമാക്കിയിരുന്നല്ലോ. യോവാക്കിമിനും അന്നായ്ക്കും ഹൃദയഭേദകമായ ഏക ദുഃഖകാരണം ഇതു മാത്രമായിരുന്നു. എന്നിരുന്നാലും അവർ പ്രാർത്ഥനയും പ്രായശ്ചിത്തവും അനുദിനം വർദ്ധിപ്പിച്ചുകൊണ്ടു് ദൈവത്തിൽ ശരണം നിക്ഷേപിച്ചു. ദൈവം അവരിൽ സംപ്രീതനായി. അവർക്കു ഒരു പെൺകുഞ്ഞു ജനിച്ചു. ലോകരക്ഷകനായ മിശിഹായുടെ മാതാവാകുവാൻ ദൈവം അനാദികാലംമുതലേ മുൻകൂട്ടി തിരഞ്ഞെടുത്ത പരിശുദ്ധ കന്യകാമറിയമായിരുന്നു ആ തങ്കക്കുടം.

മദ്ധ്യശതകത്തിൽ നിലവിലിരുന്ന ഒരു സിദ്ധാ

ന്നുപ്രകാരം, മറിയത്തിൻെറ മാതാവായ അന്ന മൂന്നു പ്രാവശ്യം വിവാഹബന്ധത്തിലേർപ്പെട്ടതായി പറയപ്പെടുന്നു. യോവാക്കിമുമായുള്ള ആദ്യ വിവാഹത്തിലേ ഭാഗ്യപ്പെട്ട സന്തതിയാണ് ഈശോയുടെ അമ്മയായ മറിയം. യോവാക്കിമിൻെറ മരണാനന്തരം, വി. യൗസേപ്പിൻെറ സഹോദരനായ ക്ലേയോപ്പാസിനെ അന്ന ഭർത്താവായി സ്വീകരിച്ചു. അവരിൽനിന്നു ജനിച്ചവളാണ് അൽഫേവൂസിൻെറ ഭാര്യയും, യാക്കോബ്, ജോസഫ്, സൈമൺ, യൂദാ എന്നിവരുടെ മാതാവുമായ മറിയം. സെബദിയുടെ ഭാര്യയും, വലിയ യാക്കോബിൻേറയും വത്സല ശിഷ്യനായ യോഹന്നാൻേറയും അമ്മയുമായ മറിയം, അന്നാമ്മയുടെ തൃതീയ വിവാഹത്തിലേ സന്താനമാണ്.

## V

## ഉപസംഹാരം

ഒരു മനുഷ്യൻെറ ജീവിതവിജയമോ പരാജയമോ കുടുംബപാരമ്പര്യത്തെ എത്രമാത്രം ആശ്രയിച്ചു നിലകൊള്ളുന്നുവെന്നു നമ്മുടെ അനുഭവം സാക്ഷിക്കുന്നുണ്ട്. സദ്വൃത്തരും ശ്രേഷ്ഠരുമായ മാതാപിതാക്കൾ കെട്ടിപ്പടുക്കുന്ന ഒരു കുടുംബപാരമ്പര്യം സമുദായമദ്ധ്യത്തിൽ എത്രകണ്ടു വിലപ്പോകുന്നതാണെന്നും നമുക്കറിയാം. വംശാവലി ഒരുവൻെറ ആകൃതിയേയും പ്രകൃതിയേയും ആശയാമർശങ്ങളേയും സ്വഭാവത്തേയുമെല്ലാം ബാധിക്കുന്നതാണ്.

മാതാപിതാക്കളുടെ ധാർമ്മികവും മാനസികവും ശാരീരികവുമായ സദ്ഗുണങ്ങളും ദുർഗ്ഗുണങ്ങളും മക്കളിൽ പ്രതിഫലിക്കുന്നു. ആകയാൽ ഒരു കുടുംബത്തിലേ മാതാപിതാക്കൾ അനീതിപരവും അസാന്മാ

ഗ്ഗികവുമായ ജീവിതം നയിക്കുന്നവെങ്കിൽ അവരുടെ ദുർഗ്ഗുണങ്ങൾ ബാധിച്ച എത്രയെത്ര തലമുറകളായിരിക്കും അനന്തര കാലത്തു അവരെ ശപിക്കുക. ഭയാനകമായ ഈ ചിന്ത, നമ്മുടെ കുടുംബനായകന്മാരും നായികമാരും സത്പഥത്തിൽ ചരിക്കുന്നതിനു ഒരു ഉത്തേജനമായിരിക്കട്ടെ.

മാന്തുവായുടെ മെത്രാനായി അവരോധിക്കപ്പെട്ട മോൺ. സാർത്തോ (വി. പത്താം പീയൂസ്) ഒരിക്കൽ തന്റെ അമ്മയെ സന്ദർശിച്ച അവസരത്തിൽ, ആ സ്ത്രീരത്നം അദ്ദേഹത്തിന്റെ ഭംഗിയേറിയ മെത്രാൻ മോതിരം കണ്ടിട്ടു പറഞ്ഞു: "പ്രിയ ബെപ്പീ, അതൊരു നല്ല മോതിരംതന്നെ; പക്ഷേ ഈ സാധുവിന്റെ വിരലിൽ ഈ മോതിരം (തന്റെ വിവാഹമോതിരം ചൂണ്ടിക്കാണിച്ചുകൊണ്ട്) ഇല്ലായിരുന്നുവെങ്കിൽ ആ ശോഭയേറിയ മോതിരം അങ്ങു ധരിക്കയില്ലായിരുന്നു." അതേ, മഹാത്മാക്കളുടെ മഹത്വത്തിനു ഹേതുഭൂതർ പ്രധാനമായി അവരുടെ മാതാപിതാക്കളാണ്.

ഒരിക്കൽ നെപ്പോളിയനോടു ഒരാൾ ചോദിക്കയുണ്ടായി, കുട്ടികളുടെ ശിക്ഷണം എപ്പോൾ ആരംഭിക്കുന്നുവെന്ന്. അദ്ദേഹം മറുപടി പറഞ്ഞു. "ശിശുവിന്റെ ജനനത്തിനു ഇരുപതുവർഷം മുമ്പ്" എന്ന്. നോക്കുക, മാതാപിതാക്കളിലല്ല, ഒരു തലമുറകൂടി പിറകോട്ടു കടന്നു, പിതാമഹന്മാരിലത്രേ ഒരു ശിശുവിന്റെ ശിക്ഷണം സമാരംഭിക്കുന്നതു്. ആകയാൽ ഒരു മെത്രാന്റെ മോതിരമോ ഒരു നവവൈദികന്റെ പൂശപ്പെട്ട കരങ്ങളോ നാം ചുംബിക്കുമ്പോൾ അദ്ദേഹത്തെ തൊട്ടിലിലാട്ടിയ മാതാവിനേയും നാം ബഹുമാനിക്കുന്നു. നമ്മുടെ അഭിനന്ദനങ്ങൾ ഒരു വൈദികനു മാത്രമല്ല, മൂന്നു തലമുറകൾക്കെങ്കിലുമാണു നാം

നൽകുന്നതു്. ഇപ്പറഞ്ഞവയിൽ നിന്നെല്ലാം വ്യക്തമാണു്, അനന്തര തലമുറകളുടെ അഭിമാനത്തിനും അനുകരണത്തിനും പ്രശംസയ്ക്കും പാത്രമാകമാറു് ഒരു നല്ല കുടുംബപാരമ്പര്യം കെട്ടിപ്പടുക്കുന്നതിനു യുവദമ്പതികൾ എത്രമാത്രം ശ്രദ്ധയുള്ളവരായിരിക്കണമെന്നു്. വിശുദ്ധവും മഹത്തമവുമായ മറിയത്തിന്റെ വംശാവലി നമുക്കൊരു മാതൃകയായിരിക്കട്ടെ.

നമുക്കു പ്രാർത്ഥിക്കാം: ഏറ്റം പരിശുദ്ധ കന്യകേ, ദൈവമാതാവേ, തെറ്റിപ്പോകുന്ന ഈ മനുഷ്യകുലത്തിന്റെമേൽ അങ്ങേ ദയയുള്ള തൃക്കണ്ണുകളെ തിരിക്കേണമേ. അസംഖ്യം മാതാപിതാക്കളുടേയും സഹോദരീസഹോദരരുടേയും വർദ്ധിച്ച ഭൗതികവും സാന്മാർഗ്ഗികവുമായ അധഃപതനവും ദുഃഖദുരിതങ്ങളും അങ്ങേ കരുണാർദ്രമായ ഹൃദയത്തെ അലിയിക്കട്ടെ. ദയ നിറഞ്ഞ മാതാവേ! യുദ്ധഭീതിയാൽ വിറക്കുന്ന രാഷ്ട്രങ്ങൾക്കും, സകല ആത്മാക്കൾക്കും ലോകത്തിനാകമാനവും ദൈവത്തിന്റെ സമാധാനം പ്രാപിച്ചുതരേണമേ. അങ്ങേ തിരുക്കുടുംബത്തിന്റെ പാവനമാതൃകയിൽ ഞങ്ങളുടെ കുടുംബങ്ങളേയും രൂപീകരിക്കുന്നതിനു അങ്ങേ മക്കളായ ക്രിസ്ത്യാനികളെ സഹായിക്കണമേ. അപ്രകാരം അങ്ങയേയും അങ്ങയുടെ തിരുസ്സുതനേയും അനവരതം പാടി സ്തുതിക്കുവാൻ ഒരു വലിയ ജനപദം ഭൂമുഖത്തു് ആവിർഭവിക്കുകയും ചെയ്യട്ടെ, ആമ്മേൻ.

"മറിയത്തിന്റെ വിമല ഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ"

---

# ചില ചോദ്യങ്ങൾ

1. എന്താണ് മുൻനിർണ്ണയം.?
2. മറിയത്തെ ദൈവം മുൻകൂട്ടി തിരഞ്ഞെടുത്തോ. ഏതർത്ഥത്തിൽ ഈ തിരഞ്ഞെടുപ്പ് നാം മനസ്സിലാക്കണം? അതിന്റെ സ്വഭാവം വിശദമാക്കുക.?
3. വേദപുസ്തകത്തിൽനിന്നു എന്തെങ്കിലും തെളിവു ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ?
4. മറിയത്തെക്കുറിച്ചു് പ്രവാചകന്മാർ എന്തു പറയുന്നു.
5. മറിയത്തിന്റെ പ്രതിരൂപങ്ങളായി പഴയനിയമത്തിൽ കാണുന്ന വ്യക്തികളും വസ്തുക്കളും ഏവ? എപ്രകാരം അവ ഓരോന്നും മറിയത്തിന്റെ പ്രതിരൂപങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു.?
6. മറിയത്തിന്റെ വംശാവലി ഏതു്? അതിന്റെ മാഹാത്മ്യം വിവരിക്കുക?
7. മറിയത്തിന്റെ മാതാപിതാക്കന്മാർ, ആരാണ്. അവരെക്കുറിച്ചു പാരമ്പര്യം എന്തു പറയുന്നു.
8. വിശുദ്ധവും കുലശ്രേഷ്ഠതയുള്ളതുമായ മറിയത്തിന്റെ വംശാവലിയിൽനിന്നു് എന്തു ഗുണപാഠമാണു നാം എടുക്കേണ്ടതു്.?

## മരിയശാസ്ത്രപരമായ

### ചില പുസ്തകങ്ങൾ


1. Mariologia. Vol. I and II,
By Rev. P. Gabriel M. Roschini
O. S. M.
Roma. 1947.
2. Acta Congressus Mariologici Mariani.
(Accademia Mariana Internationalis)
In 12 volumes; Roma, 1952.
3. Bibliotheca Assumptionis B. V. Mariae.
By P. Carolus Balic. In 3 volumes.
Roma, 1948.
4. Mariology. By M. J. Scheeben.
In 2 volumes, U. S. A., 1954.
5. Mary, a study of the Mother of God.
By Father Canice O. F. M. (cap) 1950.
6. The Immaculate Conception.
By Hugolinus Stroff O. F. M. 1925.
7. The life of Mary as seen by Mystics
By Raphael Brown, 1952.
8. Madona.
By Rev. Fr. Cyril Bernard O. C. D.
Manjumel Press, 1949.
9. The World's First Love.
By Mgr. F. J. Sheen U. S. A.
10. Mariology.
By Rev. Joseph Phole.
11. The Mother of the Saviour.
By Rev. G. Lagrange O. P.

12. Marian study circles.
By Rev. Thomas Marydas,
S. H. League, Alwaye, 1954.
13. പരിശുദ്ധ കന്യകാമറിയം.
By മയ്യനാട്ട് എ. ജോൺ ബി. എ.
14. കേരളത്തിലെ മരിയൻ ദൈവാലയങ്ങൾ.
By റ്റി. കെ. വക്കി, ചേത്തല.
15. പ. കന്യകാമറിയം.
By ഫാദർ എ. സി. ഊരപ്പൻ.
16. വിമലാംബിക. By ഫാദർ പള്ളിക്കുന്നൻ.
17. അമലാംബിക. By മഞ്ഞുമ്മേൽ പ്രസ്സ്.
18. ദൈവജനനി. Vol. I & II.
By ഫാദർ ജോസഫ് മണ്ണനാൽ.
19. വിശ്വഗായിക.
വിവർത്തകൻ. പി. എക്സ്. പല്ലുവിള.
20. സ്വർഗ്ഗറാണി. By മോൺ. നടുവത്തുശ്ശേരി.
21. ചിന്താമണി. By ഫാദർ പള്ളിക്കുന്നൻ.

Printed and Published for the proprietor by Rev. Fr. Wilfrid, T. O. C. D. at the St. Joseph's Press, MANNANAM 1957.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. 200 Acc. No. 14228

This book should be returned on or before the date stamped below.

If the book is not returned on due date

200 14228

മേരിദാസ്. പി. തോമസ് (ഫാ)

മരിയശാസ്ത്രം

KOTTAYAM PUBLIC LIBRARY

Call No. 200 Acc. No. 14228

Author വേരിദാസ്. പി. തോമസ്. (ഫാ)

Title മരിയ. സൌന്ദര്യം